Tony Pearce

# അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ജനുവരി 2024

# ഗൂഢാലോചനയോ അതോ ചിന്താക്കുഴപ്പമോ?




***‘ഈ ജനം കൂട്ടുകെട്ടു എന്നു പറയുന്നതിന്നൊക്കെയും കൂട്ടുകെട്ടു എന്നു നിങ്ങൾ പറയരുതു; അവർ ഭയപ്പെടുന്നതിനെ നിങ്ങൾ ഭയപ്പെടരുതു, ഭ്രമിച്ചു പോകയുമരുതു’*** (യെശ. 8:12).

‘തിരശ്ശീലയ്ക്ക് പിന്നിൽ നിന്നു പ്രവർത്തിക്കുന്ന ശക്തികൾ’ ജനങ്ങളെ നിയന്ത്രിക്കാൻ പുതിയ ലോകക്രമമോ അല്ലെങ്കിൽ ആഗോള സർക്കാരോ കൊണ്ടുവരാൻ പദ്ധതി ഒരുക്കുകയാണോ? ലോക സാമ്പത്തിക സമിതിപോലുള്ള സംഘടനകൾ സർക്കാരിനെയും, സാമ്പത്തിക വ്യവസ്ഥയെയും, വ്യവസായത്തെയും, മാധ്യമങ്ങളെയും, ആരോഗ്യ സുരക്ഷാ സംവിധാനത്തെയും, വിദ്യാഭ്യാസത്തെയും, മറ്റു സ്ഥാപനങ്ങളെയും നമ്മുടെ സമൂഹത്തിന്റെ സമൂലമായ പരിവർത്തനത്തിനുവേണ്ടി, ഐക്യരാഷ്ട്രസഭയുടെ പരിപാടി 30-മായി സഖ്യതയുള്ള ‘മഹാ പുനഃക്രമം’ എന്ന് അവർ വിളിക്കുന്ന സംവിധാന

## ഉള്ളടക്കം

ഗൂഢാലോചനയോ അതോ ചിന്താക്കുഴപ്പമോ? ....... 1

ഗാസാ യുദ്ധവും യിസ്രായേലിന്റെ ഭാവിയും .......... 9

സിഓപി 28 - ആഗോളതാപനമോ ശീതമോ? .......... 17

വിശ്വാസമുള്ള ജനതക്കുമേൽ ആക്രമണം ................ 22

ഇതുപോലെ എത്രത്തോളം
മുന്നോട്ടുപോകുവാൻ നമുക്ക് കഴിയും? .................... 29

ത്തിനു വേണ്ടി ഒരുമിച്ചു കൊണ്ടുവരികയാണോ?

2021 ജനുവരിയിൽ ഈ മാസികയിൽ ഞങ്ങൾ പ്രസിദ്ധീകരിച്ച 'കോവിഡ്, മഹാപുനഃക്രമവും വെളിപ്പാട് പുസ്തകവും' (ആവശ്യപ്പെടുന്നവർക്ക് ലഭ്യമാണ്) എന്ന ലേഖനത്തിൽ ലോക സാമ്പത്തിക സമിതി (WEF) കോവിഡ് മഹാമാരിയെയും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നങ്ങളെയും പോലുള്ള പ്രതിസന്ധികളെ ആഗോള സമൂഹത്തിന്റെ പരിവർത്തനത്തിനു വേണ്ടി പ്രേരിപ്പിക്കാൻ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് ഞാൻ എഴുതിയിരുന്നു. ലോക സാമ്പത്തിക സമിതി നേതാവ് ക്ലവുസ് സ്ക്വാബ്, 'കോവിഡ് 19 – ലെ മഹാപുനഃക്രമം' എന്ന പുസ്തകത്തിൽ അത് വിവരിക്കുന്നു. സ്ക്വാബ് ദർശിക്കുന്ന പുതിയ ക്രമത്തിലേക്ക്, മുതലാളിത്ത വ്യവസ്ഥിതിയുടെ മഹാപുനഃക്രമത്തിൽ അമേരിക്ക മുതൽ ചൈന വരെയുള്ള രാജ്യങ്ങളും,എണ്ണ, വാതകം മുതൽ സാങ്കേതികവിദ്യ വരെയുള്ള ഓരോ വ്യവസായങ്ങളും സ്വീകരിക്കപ്പെടും. 'ഭാവി ഏതെങ്കിലും തരത്തിലുള്ള ആഗോള ഭരണത്തിലൂടെ മാത്രമേ സാധ്യമാകൂ' എന്ന് അദ്ദേഹം വാദിക്കുന്നു. 'ഓരോ മനുഷ്യന്റെയും അന്തസ്സിനെ മാനിക്കുന്ന സാമൂഹിക ഉടമ്പടി' അതു സൃഷ്ടിക്കുമെന്ന് അദ്ദേഹം പറയുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ 'മഹാപുനഃക്രമം' ആഗോള സർക്കാരിനുവേണ്ടിയുള്ള പ്രാഥമിക രേഖാ രൂപമാണ്.

ഈ വിഷയത്തെ ഗൂഢാലോചനാ സിദ്ധാന്തമായി പൊതുവായി തള്ളിക്കളയാറുണ്ട്. എന്നാൽ, ഇത് കൃത്യമായി അവരുടെ ഉദ്ദേശ്യമാണെന്ന് പറയുന്ന ഉത്തരവാദിത്തപ്പെട്ട ഇക്കൂട്ടരുടെ പ്രസ്താവനകൾ കുത്തിപ്പൊക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. യേശുക്രിസ്തുവിന്റെ മടങ്ങിവരവിനു മുൻപ്, ചരിത്രത്തിന്റെ അവസാന കാലയളവിൽ, എതിർ ക്രിസ്തുവിന്റെ ആഗോള സ്വേച്ഛാധിപത്യം ഉണ്ടാകുമെന്നു പറയുന്ന ബൈബിൾ പ്രവചനങ്ങളോട് ഇത് ബന്ധപ്പെട്ടിരിക്കുന്നു (വെളി. 13). ഇതിനു പിന്നിൽ പിശാചിന്റെ ശക്തിയായിരിക്കും. ***'അതിനു മഹാസർപ്പം (പിശാച്) തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു'*** (1-4 വരെയുള്ള വാക്യങ്ങൾ കാണുക). അവൻ ദൈവത്തിന്റെ ജനത്തോട് പോരാട്ടത്തിൽ ആയിരിക്കും. അൽപകാലത്തേക്ക് ലോകത്തിനുമേൽ അവന് അധികാരം ലഭിക്കും: ***'വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിപ്പാനും അതിനു അധികാരം ലഭിച്ചു; സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരം ലഭിച്ചു'*** (5-10).

'മൃഗത്തിന്റെ അടയാളത്തിന്റെ സംവിധാനം കൊണ്ട് അവൻ ജനങ്ങളെ നിയന്ത്രിക്കും. അവർക്ക് വിൽക്കാനും വാങ്ങാനുമുള്ള അനുവാദത്തിനായി (മറ്റൊരുവിധത്തിൽ പറഞ്ഞാൽ സമൂഹത്തിൽ പങ്കാളിയാവാൻ) ഈ സംവിധാനത്തിലേക്ക് അവർ പ്രവേശിക്കേണ്ടിയിരിക്കുന്നു: ***'അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലംകൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്വാൻ വഹിയാതെയും ആക്കുന്നു. ഇവിടെ ജ്ഞാനം കൊണ്ട് ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ: അത് ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറ്*** (16-18).

ഇതിന്റെ എല്ലാം പിന്നിൽ കൊടിയ വഞ്ചനയുടെ ആത്മാവാണ്: ***'അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ***

*സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്കു ഭോഷ്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാര ശക്തി അയയ്ക്കുന്നു'* (2 തെസ്സ. 2 :9-12).

**അത് ഇപ്പോൾ സംഭവിക്കുന്നു.**

ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്ന ഒരുകൂട്ടം വസ്തുതകൾ ഇത് നിവർത്തിയാകാൻ പാതയൊരുക്കിക്കൊണ്ടിരിക്കുകയാണ്. മാനവരാശി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ആഗോള പ്രതിസന്ധിയെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു വഞ്ചനയുടെ ആത്മാവുണ്ട്. സർക്കാരിനെയും സമ്പദ് വ്യവസ്ഥയെയും വിവിധ ആശയ വിനിമയ മാർഗ്ഗങ്ങളെയും നിയന്ത്രിക്കുക എന്ന ഉദ്ദേശ്യത്തോടെ ഇത് ആഗോള പദ്ധതിയ്ക്കു വേണ്ടി വാദിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു:

ലോകാരോഗ്യ സംഘടന (WHO) ഒരു അന്താരാഷ്ട്ര മഹാമാരി ഉടമ്പടി മുന്നോട്ടു വയ്ക്കുന്നു. അതനുസരിച്ച്, ലോകാരോഗ്യ സംഘടനയ്ക്ക് മഹാമാരി പ്രഖ്യാപിക്കാനും, ദേശീയ സർക്കാരുകളെ മറികടക്കാനും, അടച്ചു പൂട്ടലും നിർബന്ധിത കുത്തിവെയ്പ്പും വാക്സിൻ പാസ്സ്പോർട്ടും ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ലോകത്താകമാനം അടിച്ചേൽപ്പിക്കാനും അധികാരം ലഭിക്കും.

'വിദ്വേഷ ഭാഷണം', 'തെറ്റായ വിവരങ്ങൾ', 'ഗൂഢാലോചനാ സിദ്ധാന്തം' എന്ന് അവർ പറയുന്നവയെ നിയന്ത്രിക്കാനും സാമൂഹിക മാധ്യമങ്ങളും ഓൺലൈൻ ആശയവിനിമയവും നിയന്ത്രിക്കാനുമുള്ള അംഗുലി (digital) സംവിധായകരുടെ ഭരണത്തിനായുള്ള മാർഗ്ഗനിർദേശങ്ങളുടെ' ഒരു പദ്ധതി യുനെസ്കൊ പ്രസിദ്ധീകരിച്ചു. ഈ ആഗോള പദ്ധതിയെ വിമർശിക്കുകയും പരമ്പരാഗത ധാർമ്മിക മൂല്യങ്ങളെ പ്രതിരോധിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിക്കാൻ ഇതിനെ ഉപയോഗിച്ചേക്കാം. ഇതുപോലുള്ള ഉള്ളടക്കം പ്രസിദ്ധീകരിക്കുന്ന ഒരുകൂട്ടം സംഘടനകളുടെ സാമ്പത്തിക സ്രോതസ്സിനെ തടയുന്നതും, അല്ലെങ്കിൽ ചില ഇന്റർനെറ്റ് പരിപാടികൾ ഉപയോഗിക്കുന്നതിൽ നിന്നു അവരെ വിലക്കുന്നതും ഇതിനകം കണ്ടുവരുന്നു.

2023 ഫെബ്രുവരിയിൽ, ദുബായിൽ വച്ചു നടന്ന ലോകസർക്കാർ ഉച്ചകോടിയിൽ, അംഗാര (carbon) രഹിത പദ്ധതിയിൽ മാറ്റങ്ങൾ ത്വരിതപ്പെടുത്താൻ ആഹ്വാനം ഉയർന്നു, ജൈവ ഇന്ധനങ്ങളുടെ ഉപയോഗം ആദ്യം കുറയ്ക്കുകയും പിന്നീട് പാടെ അവസാനിപ്പിക്കാനും വേണ്ടി വാദിച്ചു. വ്യക്തികളും വ്യാപാര സ്ഥാപനങ്ങളും എത്രമാത്രം ഊർജ്ജം ഉപയോഗിക്കുന്നു എന്ന് കണക്കാക്കാൻ ലോക സാമ്പത്തിക സമിതി ഒരു സംവിധാനം മുന്നോട്ടുവച്ചു. നിങ്ങളുടെ ഊർജ്ജ ഉപയോഗത്തെ വീക്ഷിക്കാൻ സർക്കാർ ഇത് ഉപയോഗിക്കും. നിങ്ങൾ കൂടുതൽ ഊർജ്ജം ഉപയോഗിക്കുന്നതിൽ നിന്ന് നിങ്ങളെ തടയുകയാണ് അതിന്റെ ഉദ്ദേശ്യം.

2023 ഡിസംബറിൽ ദുബായിൽവച്ചു നടന്ന COP സമ്മേളനത്തെ അഭിസംബോധന ചെയ്തപ്പോൾ ചാൾസ് രാജാവ് മൂന്നാമൻ, 'പൊതു-സ്വകാര്യ, ജീവകാരുണ്യ, സർക്കാരിതര സംഘടനകളെ ഒരുമിച്ചു കൊണ്ടുവരണമെന്ന് നിർദ്ദേശിച്ചു; അതിനാൽ കാലാവസ്ഥ പദ്ധതിയിൽ അവരുടേതായ പങ്ക് അവർക്ക് നിർവഹിക്കാനാകും, കാരണം പൊതു സമ്പത്ത് ഒരിക്കലും അതിനു വേണ്ടി മതിയാകില്ല. അങ്ങനെ ചെയ്

താൽ, അദ്ദേഹം പറഞ്ഞു, 'നമുക്കാവശ്യമായ മാറ്റത്തിലേക്ക് നയിക്കാൻ, ഒരു വർഷം നാലര ശതകോടി കണക്കിൽ ഡോളർ സംഘടിപ്പിക്കാൻ കഴിയും.'

അംഗുലി തിരിച്ചറിയൽ സംവിധാനങ്ങളും ഒരു അംഗുലി കേന്ദ്രീകൃതമായ നാണയ വ്യവസ്ഥയുടെ സാധ്യത ഉൾപ്പെടെ, പൊതു അടിസ്ഥാന സൗകര്യങ്ങളുടെ' വികസനത്തിന്റെ സാധ്യത B cnb nf , G 20 എന്ന ലോകത്തിലെ അതിശക്തരായ 19 രാജ്യങ്ങളും യൂറോപ്യൻ യൂണിയനും നിരവധി നിർദ്ദേശങ്ങൾ അംഗീകരിച്ചു. കാര്യപരിപാടി 30-ൽ ഉൾപ്പെടുത്തിയിരിക്കുന്ന സുസ്ഥിരമായ വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ഒരു ആഗോള അംഗുലി തിരിച്ചറിയൽ പദ്ധതി ആവിഷ്കരിക്കാനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ താല്പര്യം രഹസ്യമല്ല. ഈ അംഗുലി തിരിച്ചറിയൽ സംവിധാനം നില നിർത്താൻ ആവശ്യമായതും, ഇതിനകം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വളരെ വിവാദമായ ചില സാങ്കേതിക വിദ്യകളിൽ ഒന്ന് സൂക്ഷ്മച്ചീളിന്റെ (micro chip) രൂപത്തിൽ ഒരാളുടെ ശരീരത്തിൽ പതിപ്പിക്കാവുന്നതുമായ സംവിധാനങ്ങളാണ്. അപ്പോൾ ഇന്റർനെറ്റുള്ള ഒരു ഉപകരണത്തിന് ഈ ചീള് പരിശോധിച്ച് അതിലെ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയും.

'യൂറോപ്യൻ അംഗുലി തിരിച്ചറിയൽ മടിശ്ശീല' (wallet) സ്ഥാപിക്കാൻ യൂറോപ്യൻ യൂണിയൻ അവസാനത്തെ കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. യൂറോപ്യന്മാർക്കുവേണ്ടിയുള്ള ആദ്യത്തെ കേന്ദ്രീകൃത, സമ്പൂർണ്ണ അംഗുലി തിരിച്ചറിയൽ സംവിധാനമാണിത്. അതിന്റെ പുതിയ കേന്ദ്രീകൃത ബാങ്ക് അംഗുലി (digital) നാണയം അംഗുലി യൂറോ, വികസിപ്പിക്കാൻ അവർ മുന്നോട്ടു പോകുന്നു. കേന്ദ്രീകൃതമായി നിയന്ത്രിക്കാൻ കഴിയുന്ന ഒരു അംഗുലി സംവിധാനത്തിലേക്ക് അമേരിക്കയും നീങ്ങിക്കൊണ്ടിരിക്കുന്നു. എന്തു വാങ്ങണമെന്ന് തീരുമാനിക്കുവാൻ ജനങ്ങൾക്കു നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെ അതിനു നിയന്ത്രിക്കാൻ കഴിയും.



വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിലേക്ക് നമ്മുടെ സമൂഹം സാവധാനം മുന്നോട്ടു പോവുകയാണെന്ന് ബൈബിൾ പ്രവചനത്തിന്റെ പഠിതാക്കൾ ദീർഘകാലമായി മുന്നറിയിപ്പ് നൽകുകയാണ്. വില്പനയും വാങ്ങലും നടത്താനുള്ള മാർഗ്ഗമായും എതിർക്രിസ്തുവുമായി ചേരുന്ന തിരിച്ചറിയൽ അടയാളമായും ഉപയോഗിക്കുന്ന, നെറ്റിമേലും വലതുകൈമേലും പതിപ്പിക്കുന്ന മുദ്ര പ്രാബല്യത്തിൽ ആവുന്ന ഒരു സമയത്തെപ്പറ്റി വെളിപ്പാട് 13 വിവരിക്കുന്നു. ആ മുദ്ര ഇല്ലാതെ വിൽക്കാനോ വാങ്ങാനോ ആർക്കും കഴിയില്ല. കാര്യപരിപാടി 2030 ആറുവർഷം അകലെയാണ്. എന്നാൽ, സാങ്കേതിക വിദ്യയും സമൂഹവും മാറുന്ന വേഗത്തിന്റെ നിരക്ക് നോക്കുമ്പോൾ, അതുപോലുള്ള മാറ്റങ്ങൾ ആരെങ്കിലും ചിന്തിച്ചതിലും വേഗത്തിൽ നാം കണ്ടേക്കും.

## താറുമാറാക്കുന്ന വസ്തുത

ലോക സർക്കാർ പദ്ധതി സുഗമമായി നടപ്പിൽവരില്ല. ലോകമെമ്പാടുമുള്ള ആളുകൾ ഈ പദ്ധതിക്ക് എതിരെ വർദ്ധിച്ച പ്രതിരോധം രേഖപ്പെടുത്തുന്നു. കോവിഡ് അടച്ചുപൂട്ടലിനും കുത്തിവെയ്പ്പ് പദ്ധതിയ്ക്കും പിന്നിലുള്ള

ശാസ്ത്രത്തെയും ആഗോളതാപനത്തിൽ നിന്നു ലോകത്തെ രക്ഷിക്കുന്ന 'അംഗാര രഹിത' പദ്ധതിയെയും നിരവധിയാളുകൾ ചോദ്യം ചെയ്യുന്നു. ഭയത്തിന്റെ സാഹചര്യം സൃഷ്ടിച്ച് ജനങ്ങളെ ഒരു ആഗോള ലക്ഷ്യം അംഗീകരിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി ഇതിനെ രണ്ടിനെയും കാണണം. മഹാ പുനഃക്രമത്തിന്റെയും കാര്യപരിപാടി 30-ന്റെയും ലക്ഷ്യം കൈവരിക്കുന്നത് വ്യക്തിപരമായ സ്വാതന്ത്ര്യത്തിനുമേൽ സർക്കാരിന്റെ വർദ്ധിച്ച നിയന്ത്രണത്തിനും, അതിന്റെ നടപടികൾ നമ്മെ കൂടുതൽ ദരിദ്രരും കൂടുതൽ വിശപ്പുള്ളവരും കൂടുതൽ തണുപ്പുള്ളവരും ആക്കിമാറ്റുമെന്ന് കൂടുതലായി ആളുകൾ മനസ്സിലാക്കികൊണ്ടിരിക്കുന്നു. ഇത് ലോക ജനസംഖ്യയെ കുറയ്ക്കും. അവർ പരിഹരിക്കാൻ ശ്രമിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു മാറ്റവും ഉണ്ടാകില്ല.




**ക്ഷാമം.** ആഗോള ഭക്ഷണവിതരണം കുറഞ്ഞുകൊണ്ടിരിക്കുന്നു. ആഗോള പട്ടിണി അപകടകരമായ നിലയിൽ വർധിച്ചുകൊണ്ടിരിക്കുന്നു. 2.4 ശതകോടി ജനങ്ങൾക്ക് കഴിഞ്ഞവർഷം വേണ്ടതുപോലെ ആഹാരമില്ലായിരുന്നു. 750 ദശലക്ഷം ആളുകൾ നിരന്തരമായി പട്ടിണി അനുഭവിച്ചു. ലോകത്താകമാനം ഭക്ഷണപദാർത്ഥങ്ങളുടെ വില വർദ്ധിക്കുന്നു. പ്രകൃതി ദുരന്തങ്ങളും അസാധാരണമായ കാലാവസ്ഥാ ക്രമങ്ങളും വിളകളെ വലിയ രീതിയിൽ നശിപ്പിക്കുന്നു. യുക്രൈനിൽ നിന്നും റഷ്യയിൽ നിന്നുമുള്ള ധാന്യകയറ്റുമതിയെ യുദ്ധം തടയുന്നു. ആഭ്യന്തരമായ ലഭ്യതക്കുറവ് മൂലം ഇന്ത്യ അരികയറ്റുമതി നിരോധിച്ചു. അമേരിക്കൻ കാലാവസ്ഥാ വിദഗ്ധൻ ജോൺ കെറി പറഞ്ഞത്, ആഗോള താപനത്തിന്റെ 30% സംഭാവന ചെയ്യുന്നത് കൃഷിയാണെന്നാണ്. അതുകൊണ്ട് അത് നിയന്ത്രിക്കപ്പെടണം.. ഇതെല്ലാം ആഗോള ഭക്ഷണ പ്രതിസന്ധിയിലേക്ക് നയിക്കും. അതുമൂലം നാം കാണാൻ പോകുന്ന ദുരിതം അപ്രതീക്ഷിതമായി ഉയർന്ന തോതിലായിരിക്കും.

**മഹാമാരികൾ.** തന്റെ വരവിന് മുൻപ് മഹാമാരികൾ ഉണ്ടാകുമെന്ന് യേശു മുന്നറിയിപ്പ് നൽകി. ലോകത്താകമാനമുള്ള അണു പരീക്ഷണശാലകളിൽ അപകടകരമായ രോഗാണുക്കളെ സൃഷ്ടിക്കുന്നതിനെപ്പറ്റിയും, കോവിഡിനെപ്പോലെ പുതിയ പകർച്ചവ്യാധിയെ സൃഷ്ടിക്കാൻ അവയെ പുറത്തുവിടുമെന്നും മൈക്കിൾ സ്നയിഡർ മുന്നറിയിപ്പ് നൽകുന്നു. അതേസമയം ഇതിനെയൊക്കെ അതിജീവിക്കാൻ അവർ പുതിയ കുത്തിവെയ്പ് മരുന്ന് വികസിപ്പിക്കുന്നു. അത് കൂടുതൽ ആരോഗ്യ പ്രശ്നങ്ങൾക്കും കൂട്ടമരണങ്ങൾക്കും കാരണമായേക്കാം.

**പ്രകൃതി ദുരന്തങ്ങൾ.** വരാൻപോകുന്ന ദുരന്തങ്ങളെ വെളിപ്പാടിലെ പ്രവചനങ്ങളുമായി മൈക്കിൾ സ്നയിഡർ ബന്ധിപ്പിക്കുന്നു. ആഗോളതാപനം മനുഷ്യന്റെ സൃഷ്ടിയാണെന്ന സിദ്ധാ

ന്തത്തെ അദ്ദേഹം ചോദ്യം ചെയ്യുന്നു. സൂര്യനിലും സമുദ്രത്തിലും ഉണ്ടാകുന്ന മാറ്റങ്ങളും വർധിച്ചുവരുന്ന ഭൂകമ്പങ്ങളും അഗ്നിപർവ്വതങ്ങളും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണമായി സമുദ്രത്തിന്റെ ഊഷ്മാവ് വർധിക്കുന്നതിന്റെ കാരണമായി അദ്ദേഹം പറയുന്നത്, അടുത്തിടെ കണ്ടെത്തിയ, അറ്റ്ലാന്റിക് പസഫിക് സമുദ്രങ്ങളുടെ അടിത്തട്ടിൽ വ്യാപിച്ചു കിടക്കുന്ന ജലതാപ ദ്വാരങ്ങളുടെ പ്രദേശങ്ങളാണ്. ഈയത്തെ ഉരുക്കാൻ കഴിയുന്ന ചൂടുള്ള വസ്തുക്കൾ അത് പുറത്തുവിടുന്നു. അമേരിക്കയുടെ പടിഞ്ഞാറൻ തീരത്തിന് 50 മൈൽ അകലെയായി, ശാന്തസമുദ്രത്തിൽ ചൂടുള്ള ദ്രാവകം പുറന്തള്ളുന്ന ഒരു ഭീമൻ ദ്വാരവും അവർ കണ്ടെത്തി. ഈ പ്രദേശത്തെ കാസകാഡിയ അപഹരണ മേഖല എന്ന് അറിയപ്പെടുന്നു. പടിഞ്ഞാറൻ തീരത്ത് ഒരു സുനാമി ഉണ്ടാക്കാൻ ഇതിനു കഴിയും. അതിന്റെ അനന്തരഫലം അമേരിക്കയുടെ പടിഞ്ഞാറൻ തീരത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളുടെയും ഉന്മൂലനാശമായിരിക്കും.

ചില പരിസ്ഥിതി പ്രവർത്തകർ, ആഗോളതാപനം കുറയ്ക്കുന്ന പരിപാടികളുടെ ഭാഗമായി 'സൂര്യനെ തടയുന്ന' വികലമായ പദ്ധതി മുന്നോട്ട് വെയ്ക്കുന്നു. കാലാവസ്ഥയിലും ഭക്ഷ്യോല്പാദനത്തിലും വിനാശകരമായ സ്വാധീനം ഉണ്ടാക്കാൻ അവയ്ക്കു കഴിയും. അതിനിടയിൽ, വർധിച്ചു വരുന്ന അഗ്നിപർവ്വത പ്രവർത്തനം വലിയതോതിൽ ചാരത്തെ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നു. അതിന്റെ ഫലമായി ആഗോളതാപനത്തിന്റെ പ്രതിസന്ധിയല്ല, പകരം ആഗോള ശീതനമായിരിക്കും സംഭവിക്കുന്നത്. അതിന്റെ ഫലമായി, മഹോപദ്രവകാലയളവിനുവേണ്ടി, വെളിപ്പാട് പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന രംഗങ്ങളിൽ കലാശിക്കുന്ന വർധിച്ചു വരുന്ന പ്രകൃതി ദുരന്തങ്ങൾ നമുക്ക് പ്രതീക്ഷിക്കാം.

## സമ്പദ് വ്യവസ്ഥ.

2023-ലെ ചില മാസങ്ങൾക്കുള്ളിൽ 2 ലക്ഷം കോടി ഡോളറിന്റെ ദേശീയ കടത്തിന്റെ ചരിത്രപരമായ പൊട്ടിത്തെറിയുടെ വക്കിൽ അമേരിക്ക എത്തി നിൽക്കുന്നു. അതിപ്പോൾ 33 ലക്ഷം കോടി ഡോളറാണ്. 2023 - ന്റെ ആദ്യപകുതി അമേരിക്കയുടെ രണ്ടാമത്തെ വലിയ ബാങ്കിംഗ് തകർച്ചയ്ക്ക് സാക്ഷിയായി. പലിശ നിരക്കും തൊഴിലില്ലായ്മയും കൂടുന്നു. ജോലി ചെയ്യാൻ പ്രാപ്തിയുള്ള 99 ദശലക്ഷത്തിലധികം അമേരിക്കക്കാർ തൊഴിൽ മേഖലയിൽ ഇല്ല. താമസ സൗകര്യം നിരവധി പേർക്ക്, അത് വാടകയ്ക്കായാലും വാങ്ങാനായാലും താങ്ങാനാവുന്നില്ല. അതിന്റെ അനന്തരഫലം വർധിച്ചുവരുന്ന ഭവനരാഹിത്യമാണ്. കുറ്റകൃത്യത്തിന്റെയും മയക്കുമരുന്ന് ഉപയോഗത്തിന്റെയും നിയമരാഹിത്യത്തിന്റെയും സാമൂഹിക സാഹചര്യങ്ങൾ രാജ്യത്താകമാനം വ്യാപിക്കുകയാണ്. വലിയ നഗരങ്ങളിൽ നിന്ന് പ്രധാനപ്പെട്ട കടകൾ പിൻവാങ്ങുന്നു. കാരണം, തുടർച്ചയായി അവരുടെ കടകളിൽ നിന്ന് സാധനങ്ങൾ മോഷണം പോകുന്നതുമൂലം വ്യാപാരം നടത്തിക്കൊണ്ടു പോകാനാവുന്നില്ല.

റഷ്യയും, ചൈനയും, ബ്രിക്സ് (ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക, എന്നീ രാജ്യ സഖ്യം) സഖ്യത്തിലൂടെ സമാന്തരമായ ലോകക്രമത്തിന്റെ പദ്ധതിയ്ക്കുവേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അത് പാശ്ചാത്യ രാജ്യങ്ങളിൽ അധിഷ്ഠിതമായ ലോക ക്രമവുമായി സംഘർഷത്തിലാകുന്നു. പെട്രോ ഡോളർ സംവിധാനം നീക്കാൻ അവർക്കാകുമെങ്കിൽ അത് ഡോളറിന്റെയും അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെയും തകർച്ചയ്ക്ക് വഴിയൊരുക്കും. 'അമേരിക്കൻ ഡോളറിന് ഒരിക്കലും പഴതുപോലെ ആധിപത്യം തുടരാനാവില്ല. വലിയ സാമ്പത്തിക പ്രതിസന്ധി നമുക്ക് മുന്നിലുണ്ട്

എന്ന് മൈക്കിൾ സ്നെയ്ഡർ പറയുന്നു. തീർച്ചയായും, ബ്രിട്ടന്റെയും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെയും സ്ഥിതിയും ഇതുതന്നെ. യുദ്ധം മൂലം റഷ്യയും സാമ്പത്തിക പാപ്പരത്തം അഭിമുഖീകരിക്കുകയാണ്. ചൈനയും വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു.

പശ്ചിമേഷ്യയിൽ വ്യാപിക്കുന്ന യുദ്ധങ്ങളെപ്പറ്റിയും അമേരിക്കയും റഷ്യയും ചൈനയും തമ്മിലുള്ള സംഘർഷങ്ങളെപ്പറ്റിയും മൈക്കിൾ സ്നെയ്ഡർ എഴുതുന്നു. നിർമ്മിത ബുദ്ധി, നിയന്ത്രണം ഏറ്റെടുക്കുന്നതിനെപ്പറ്റിയും അദ്ദേഹം എഴുതുന്നു. ഞങ്ങൾ അത് ജൂലൈ പതിപ്പിൽ എഴുതിയതാണ് (ആവശ്യക്കാർക്ക് ലഭ്യമാണ്). ക്രൈസ്തവ വിശ്വാസം ഉപേക്ഷിച്ച് വിനാശകരമായ പ്രത്യയ ശാസ്ത്രങ്ങൾ നിയന്ത്രണം ഏറ്റെടുക്കുന്ന സാംസ്കാരിക മാറ്റത്തിന്റെ പ്രക്രിയ, ജനസംഖ്യയുടെ തകർച്ച, അന്യഗ്രഹ ജീവികളുടെ അധിനിവേശം തുടങ്ങിയവയ്ക്കുള്ള സാധ്യത അദ്ദേഹം വിലയിരുത്തുന്നു. ഇതൊക്കെ ഒരു പദ്ധതിയുടെ ഭാഗമായിരിക്കാം. 2023 ഫെബ്രുവരിയിൽ, അബുദാബിയിൽ 'ലോക സർക്കാർ' യോഗം നടന്നു. ലോകസാമ്പത്തിക സമിതിയുടെ നേതാവ് ക്ലവുസ് സ്ക്വാബ് അവിടെ പ്രഭാഷണം നടത്തി. 'നമ്മുടെ ഭാവിജീവിതത്തെ ഗുരുതരമായി ബാധിക്കാവുന്ന ഒരു 'കരി അരയന്ന' (Black Swan) പ്രത്യാഘാതം പ്രതീക്ഷിക്കുന്നു.'

എന്താണ് അതിന്റെ അർത്ഥം? ഒരു ബ്ലാക്ക് സ്വാൻ ഇവന്റ് എല്ലാം മാറ്റിമറിക്കുന്ന അപ്രതീക്ഷിതമായി സംഭവിക്കുന്ന എന്തോ ഒന്നാണ്. അതുകൊണ്ട്, അദ്ദേഹം അഭിപ്രായപ്പെടുന്നത്, ഈ ലോകത്തെ പുതിയ ലോക ക്രമത്തിലേക്ക് നയിക്കാൻ പോകുന്ന എന്തോ വലിയകാര്യം സംഭവിക്കാൻ പോവുകയാണ്. അത് യുദ്ധമാണോ? അത് സാമ്പത്തിക തകർച്ചയാണോ? ഇന്റർനെറ്റിനെയും ഊർജ്ജ ശൃംഖലയെയും ലക്ഷ്യമിടുന്ന ഒരു സൈബർ ആക്രമണമാണോ അത്? ഒരുപക്ഷേ മറ്റൊരു മഹാമാരി ആയിരിക്കാം? ഒരു അന്യഗ്രഹ ജീവി അധിനിവേശത്തിന്റെ സാധ്യതയായിരിക്കാം?

2024 സെപ്റ്റംബറിൽ നടക്കാൻപോകുന്ന ഐക്യരാഷ്ട്ര സംഘടനയുടെ ഭാവി ഉച്ചകോടിയ്ക്ക് മുൻപ് അവർ അങ്ങനെയൊരു സംഭവം സൃഷ്ടിക്കുമെന്ന് ചിലർ ഊഹിക്കുന്നു. ഐക്യരാഷ്ട്ര സംഘടന ലോകത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുക എന്ന ലക്ഷ്യത്തിന്റെ മാർഗ്ഗമായി ഈ ഉച്ചകോടിയെ ഉപയോഗിച്ചേക്കാം. വെബ്സൈറ്റ് പ്രകാരം, 'ഈ ഉച്ചകോടി ലക്ഷ്യമിടുന്നത്, സമീപകാലത്തെ ആഗോള ആഘാതങ്ങൾ ചർച്ചചെയ്യുക എന്നതാണ്. നമ്മുടെ അന്താരാഷ്ട്ര സ്ഥാപനങ്ങളെ വെല്ലുവിളിച്ച കോവിഡ് 19 മഹാമാരി, യുക്രൈൻ യുദ്ധം, ഗ്രഹവിഷയകമായ പ്രതിസന്ധി തുടങ്ങിയ വിഷയങ്ങൾ ഒക്കെ അതിൽപ്പെടും.' 'ആഗോള ഭരണ നിർവഹണത്തിലെ വിടവുകൾ നികത്താനുള്ള ശ്രമങ്ങളും, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, ഐക്യരാഷ്ട്ര സംഘടനയുടെ കരട് രേഖ തുടങ്ങിയവയോടുള്ള നിലവിലുള്ള പ്രതിബദ്ധത വീണ്ടും ഉറപ്പിക്കാനും അതിന് പദ്ധതിയുണ്ട്.'

അതുകൊണ്ട്, ഒരു പ്രതിസന്ധി സൃഷ്ടിക്കുക, അതിനുശേഷം, 'കരി അരയന്ന സംഭവത്തിലൂടെ' പുതിയ ലോകക്രമം കൊണ്ടുവരിക.

## നമുക്ക് എന്തു ചെയ്യാൻ കഴിയും?

എന്തുതന്നെയായാലും (അജ്ഞാതമായി തുടരുന്ന നിരവധി ഘടകങ്ങളുണ്ടെന്നത് സ്പഷ്ടമാണ്) നമ്മുടെ ലോകം ഗൗരവമായ രീതിയിൽ അസ്ഥിരവും അപകടകരവുമായ കാലഘട്ടത്തിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. വരാനിരിക്കുന്ന മഹോപദ്രവ

കാലയളവിനെപ്പറ്റിയും അതിനുശേഷമുള്ള യേശുവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയുമുള്ള പ്രവചനങ്ങളുമായി ഇതെല്ലാം ബന്ധപ്പെട്ടിരിക്കുന്നു.

*'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്ന് ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും'* (മത്താ. 24:21-22).

യേശുവിന്റെ വാക്കുകൾ നാം ഓർക്കുക: *'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ടു നാളേക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന് അന്നന്നത്തെ ദോഷം മതി'* (മത്തായി 6:33-34).

യേശു ക്രിസ്തു ഭൂമിയിൽ മടങ്ങി വരുന്നതിനു മുൻപ് ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എല്ലാവരും ശാശ്വതമായി അവനോടൊപ്പം വസിക്കാൻ അമാനുഷികമായ രീതിയിൽ എടുക്കപ്പെടും. ഈ സംഭവത്തെ ഉൽപ്രാപണം എന്നു വിളിക്കുന്നു :

*'കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ'* (1 തെസ്സ. 4:16-18).

ഉൽപ്രാപണത്തിൽ എടുക്കപ്പെട്ടവർക്ക് പുതിയ ശരീരങ്ങൾ നല്കപ്പെടും. അതിന് ഒരിക്കലും രോഗം വരികയോ, ക്ഷീണിക്കുകയോ, അല്ലെങ്കിൽ മരണം സംഭവിക്കുകയോ ചെയ്യില്ല (1 കൊരി. 15). അവർ കർത്താവായ യേശുവിനൊപ്പം ഭൂമിയിൽ മടങ്ങിവന്ന് വലിയ ശുദ്ധീകരണ പ്രക്രിയയിൽ പങ്കുകൊള്ളും. മനുഷ്യർ ഭൂമിയിൽ വരുത്തിവച്ച ആവാസ വ്യവസ്ഥയാണ് അവൻ നേരെയാക്കുന്നത്. അതിനുശേഷം കർത്താവിനോടൊപ്പം നീതിയിൽ ഭൂമിയിൽ 1000 ആണ്ടു വാഴും. വെളിപ്പാട് 19-20. അവസാനമായി ഇപ്പോഴത്തെ ഭൂമിയും പ്രപഞ്ചവും കത്തിയഴിയുകയും ദൈവം എല്ലാ വിശ്വാസികൾക്കും വേണ്ടി പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുകയും ചെയ്യും. അതിൽ നീതി എന്നേക്കുംവാഴും (2 പത്രൊ. 3, വെളി. 21).

നമ്മുടെ പാപങ്ങൾ ഓർത്ത് അനുതപിക്കുന്നതിലൂടെയും, യേശു മശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചെന്നും, എല്ലാ വിശ്വാസികൾക്കും നിത്യജീവൻ നൽകാൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെന്നുമുള്ള സുവിശേഷം വിശ്വസിക്കുന്നതിലൂടെയും ദൈവത്തിന്റെ രാജ്യത്തിൽ നമുക്ക് ഒരു സ്ഥലം ഉണ്ടെന്ന് ഉറപ്പിക്കാനുള്ള സമയം ഇതാണ്. അവിടുന്ന് വീണ്ടും വരുന്നു, വീണ്ടും കഷ്ടം അനുഭവിക്കാനും മരിക്കാനുമല്ല, പിന്നെയോ ലോകത്തെ നീതിയിൽ വിധിക്കാനാണ്. യേശു മശിഹായിലുള്ള വിശ്വാസത്തിൽ തന്റെ രക്ഷയെന്ന ദാനത്തോട് നാം എങ്ങനെ പ്രതികരിച്ചു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ആ ന്യായവിധി. യേശു മടങ്ങി വരുമ്പോൾ അല്ലെങ്കിൽ നാം മരിക്കുമ്പോൾ മാനസാന്തരപ്പെട്ട് വിശ്വസിക്കാൻ നാം ഏറെ താമസിച്ചു പോയിരിക്കും. നരകം ഒഴിവാക്കൂ, യേശുവിന്റെ നാമത്തിലെ ജീവൻ സ്വീകരിക്കൂ. *

# ഗാസാ യുദ്ധവും യിസ്രായേലിന്റെ ഭാവിയും

അഗ്നിച്ചൂളയ്ക്ക് (Holocaust) ശേഷം ഏറ്റവും ഭീകരമായി ജൂതർക്കു ജീവനാശം വരുത്തിക്കൊണ്ട്, ഒക്ടോബർ 7 -ന് ഹമാസ് നടത്തിയ വൻ കൂട്ടക്കൊലയോട് യിസ്രായേൽ പ്രതികരിച്ചത് ഹമാസുമായി യുദ്ധം ചെയ്യുന്നതിലൂടെയാണ്. ഇതിനോടകം 22,000- ത്തിൽ പരം പലസ്തീനികൾക്ക് ജീവൻ നഷ്ടമായതും, വസ്തുവകകൾക്ക് കടുത്ത നാശങ്ങൾ സംഭവിച്ചതും നിർഭാഗ്യകരം തന്നെ. ഗാസയിൽനിന്ന് ഹമാസിനെ പൂർണ്ണമായും ഉന്മൂലനം ചെയ്യുക, ഒക്ടോബർ 7 -ന് അവർ ബന്ദികളാക്കിയവരെ മോചിപ്പിക്കുക എന്നിവയായിരുന്നു അവരുടെ ലക്ഷ്യങ്ങൾ.



ഇത് എഴുതുന്ന സമയത്ത് ഹമാസുമായുള്ള യുദ്ധത്തിൽ യിസ്രായേൽ മുന്നേറുകയാണ്. 110 ബന്ദികളെ അവർക്കു മോചിപ്പിക്കാനായി. എന്നാൽ അതിനു കൊടുത്ത വില വളരെ വലുതാണ്. ഗാസയിലെ നാശവും മരണവും ലോകത്താകമാനം യിസ്രായേലിനെതിരെ വലിയ പ്രത്യാഘാതം സൃഷ്ടിക്കുകയാണ്. അതുപോലെ ലോകമെമ്പാടും ശേമ്യ വിരുദ്ധത വളരെയധികം വർധിച്ചു. ലോകത്താകമാനമുള്ള ജൂത വിരുദ്ധ തീവ്രവാദ ശക്തികൾക്ക് ആളെ ചേർക്കുന്നതിനുള്ള പ്രസ്ഥാനമായി മാറിയിരിക്കുന്നു.

യിസ്രായേലിന്റെ സുഹൃത്തുക്കളെ സംബന്ധിച്ചിടത്തോളം, ഇറാന്റെയും ഹിസ്ബുള്ളയുടെയും സഖ്യങ്ങളുടെയും പിന്തുണയോടെ ഹമാസ് ആരംഭിച്ച യുദ്ധത്തിൽ യെഹൂദരും അറബികളും കൊടിയ കഷ്ടതയിലൂടെ കടന്നുപോകുന്നത് കാണുന്നത് വളരെ വേദനാജനകമാണ്. ഈ ശക്തികൾ യിസ്രായേലിന്റെ നാശം കാണാൻ ആഗ്രഹിക്കുന്നുവെന്നും കഴിഞ്ഞ ചില വർഷങ്ങളായി അതിനുവേണ്ടി യിസ്രായേലിനെ ഉന്നംവെച്ചുകൊണ്ട് മിസൈലുകളും ആയുധങ്ങളും ശേഖരിച്ചുവയ്ക്കുകയായിരുന്നെന്നും ലോകത്തിലെ ഭൂരിഭാഗവും ആളുകളും മറന്നു അല്ലെങ്കിൽ അവഗണിച്ചു. ഹമാസ് അതിന്റെ മിസൈലുകൾ പള്ളിക്കൂടങ്ങൾക്കും, ആശുപത്രികൾക്കും, വീടുകൾക്കും ചുറ്റും വിന്യസിച്ചിട്ട് പൊതുജനങ്ങളെ മനുഷ്യ കവചങ്ങളായി ഉപയോഗിക്കുന്നു. അതിനാൽ, യിസ്രായേൽ അവർക്കെതിരെ നടപടി എടുക്കുമ്പോൾ ലോകം യിസ്രായേലിന്റെ മേൽ യുദ്ധക്കുറ്റം ആരോപിക്കുന്നു.

ലണ്ടൻ യെഹൂദർക്ക് പ്രവേശിക്കാൻ പറ്റാത്ത സ്ഥലം ആയപ്പോൾ, ജൂതവിരദ്ധ പ്രസ്ഥാനങ്ങളെ എതിർക്കുന്ന ഒരു സംഘടനാ മേധാവിയായ ഗിഡിയൻ ഫാൽറ്റർ തന്റെ നിരാശ വെളിപ്പെടുത്തി. 'കൂട്ടമായി കുറ്റകൃത്യം ചെയ്യുന്ന പ്രവണതയും, തീവ്രവാദത്തെ മഹത്ത്വീകരിക്കലും അവർക്കു പിന്തുണനൽകുന്നതുമായ സംഭവങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി. തലസ്ഥാനത്ത് യെഹൂദരുടെ ഇടയിൽ അര

ക്ഷിതാവസ്ഥാബോധം സൃഷ്ടിക്കുന്നതിലേക്ക് അതു വഴിനയിക്കുന്നു.

ന്യൂയോർക്ക് നഗരത്തിൽ ഞെട്ടിപ്പിക്കുന്ന സംഭവം നടന്നത്, ഒരു അധ്യാപിക യിസ്രായേലിന് അനുകൂലമായി നടന്ന ഒരു റാലിയിൽ പങ്കെടുത്തതുകൊണ്ട് നൂറുകണക്കിന് വിദ്യാർത്ഥികൾ അവരെ വളഞ്ഞു, അതുമൂലം അവർക്ക് ഒളിവിൽ പോകേണ്ടിവന്നു. ന്യൂയോർക്ക് ടൈംസിലെ ഒരു റിപ്പോർട്ട് പറയുന്നത്, 'നൂറുകണക്കിന് വിദ്യാർത്ഥികൾ ഇടനാഴികളിലേക്ക് ഇടിച്ചു കയറി കോലാഹലം സൃഷ്ടിച്ച്, മുദ്രാവാക്യം മുഴക്കി, ചാടിക്കൊണ്ട് ഉച്ചത്തിൽ ബഹളംവയ്ക്കുകയും പലസ്തീൻ പതാക വീശുകയും ചെയ്തു. മാത്രമല്ല, അവർ ആ അധ്യാപികയുടെ ക്ലാസ്സ് മുറിയിൽ തള്ളിക്കയറാൻ ശ്രമിച്ചു, യിസ്രായേൽ അനുകൂല പരിപാടിയിൽ പങ്കെടുത്തതിന് അവരെ പിരിച്ചു വിടണമെന്ന് അവർ ആവശ്യപ്പെട്ടു.'

സാമൂഹ്യ മാധ്യമങ്ങൾ യിസ്രായേൽ വിരുദ്ധ, യെഹൂദ വിരുദ്ധ ഉള്ളടക്കം കൊണ്ടു നിറഞ്ഞു. മിക്കവാറും യുവജനങ്ങളെയാണ് അത് ലക്ഷ്യമിട്ടത്. ഹാരിസ് അഭിപ്രായവോട്ടെടുപ്പ് പ്രകാരം 18-നും 24-നും ഇടയിൽ പ്രായമുള്ള 51% അമേരിക്കക്കാരും ഒക്ടോബർ 7-ന് സാധാരണക്കാരായ യിസ്രായേൽ പൗരൻമാരുടെ മേൽ ഹമാസ് നടത്തിയ ആക്രമണത്തെ ന്യായീകരിച്ചു. യെരൂശലേം പോസ്റ്റിൽ അടുത്തകാലത്തുവന്ന ഒരു ലേഖനം അത് വിവരിച്ചു,' ഏതാണ്ട് അഞ്ഡസൺ വ്യക്തികൾ, അവരിൽ ചിലർ ഹമാസുമായി ബന്ധം ഉള്ളവർ, ഒരുമിച്ച് 100 ദശലക്ഷത്തിൽ അധികം സാമൂഹ്യ മാധ്യമ അനുയായികൾ ഉണ്ടെന്ന് അവകാശപ്പെടുന്ന ഇക്കൂട്ടർ ഒക്ടോബർ 7-നു ശേഷം യിസ്രായേലിന് എതിരെ വ്യാപകമായ പ്രചാരണം നടത്തി. മുഖ്യധാരാ മാധ്യമങ്ങൾ യിസ്രായേലിന് എതിരെ സ്ഥിരമായ പക്ഷപാതം കാണിച്ചുകൊണ്ട്, യിസ്രായേൽ പൗരന്മാരുടെമേലും അവരുടെ തന്നെ ജനങ്ങൾക്കെതിരായും ഹമാസ് നടത്തിയ കുറ്റകൃത്യങ്ങളെപ്പറ്റി യിസ്രായേൽ നൽകുന്ന വിവരങ്ങളും, ഈ പ്രതിസന്ധി സൃഷ്ടിച്ചതിലുള്ള അവരുടെ ഉത്തരവാദിത്തം അവഗണിക്കുകയും ചെയ്യുന്നു.

## യിസ്രായേലും ബൈബിളും

ഞങ്ങളുടെ മാസികയുടെ മുൻപതിപ്പിൽ പറഞ്ഞതുപോലെ (ആവശ്യപ്പെടുന്നവർക്ക് ലഭ്യമാണ്), യിസ്രായേലിൽ സംഭവിക്കുന്നത് ലോകത്തെ മൊത്തത്തിൽ വലിയ രീതിയിൽ ബാധിക്കുന്നു, പ്രത്യേകിച്ച് ബൈബിൾ പ്രവചനങ്ങളുടെ വെളിച്ചത്തിൽ. ബൈബിൾ പഠിപ്പിക്കുന്നത്, ദൈവം അബ്രഹാമിന്റെ തലമുറകളുമായി, യിസഹാക്കും യാക്കോബുമായി, (യെഹൂദ ജനത) ഒരു നിത്യനിയമത്തിൽ ഏർപ്പെട്ടെന്നാണ്. (ഉല്പത്തി 15, 17:7-8). യിസ്രായേലിന്റെ ചരിത്രം ബൈബിളിൽ നിരവധി ഭാഗങ്ങളിൽ കാണാൻ കഴിയും. ദൈവത്തെ അനുസരിക്കാതെ വിഗ്രഹങ്ങളെ സേവിക്കുകയാണെങ്കിൽ അവർ രാജ്യങ്ങളുടെ ഇടയിൽ ചിതറപ്പെടുമെന്ന മുന്നറിയിപ്പും അതിൽ ഉൾപ്പെട്ടിട്ടുണ്ട് (ആവ. 28). അതേസമയം, അവർ ചിതറിപ്പോയാൽ, ദൈവം അബ്രഹാമിന് നൽകിയ ദേശത്തേക്ക് അവർ മടങ്ങിവരുമെന്നു വാഗ്ദത്തങ്ങളുമുണ്ട് (യെഹെ. 36-37).




യെഹെസ്കേൽ 36:24-28 - വരെ നാം വായിക്കുന്നു, *'ഞാൻ നിങ്ങളെ ജാതി*

***കളുടെ ഇടയിൽ നിന്നു കൂട്ടി സകല ദേശങ്ങളിൽനിന്നും നിങ്ങളെ ശേഖരിച്ചു സ്വന്ത ദേശത്തേക്കു വരുത്തും... ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും... ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തു നിങ്ങൾ പാർക്കും; നിങ്ങൾ എനിക്കു ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും ഇരിക്കും'*** ( യെഹെ. 36:24-28 കാണുക).

അവർ അവിശ്വാസത്തിൽ ദേശത്തിലേക്ക് മടങ്ങിവരുമെന്നും, അതിനുശേഷം കർത്താവ് വരുന്നതിനുമുൻപ് അവർ അവങ്കലേക്ക് തിരിയുമ്പോൾ അവിടുന്ന് അവർക്ക് പുതിയ ഹൃദയവും പുതിയ ആത്മാവിനെയും നൽകുമെന്നും തിരുവെഴുത്ത് സൂചിപ്പിക്കുന്നു. ഇത് സംഭവിക്കുന്നതിനു മുൻപ് കഷ്ടതയുടെ ഒരു സമയം ഉണ്ടാകും. എബ്രായ പ്രവാചകന്മാരുടെ പുസ്തകങ്ങളിൽ ഒരുകൂട്ടം വേദഭാഗങ്ങൾ ഇതിനെപ്പറ്റി പറയുന്നു, ഉദാഹരണമായി, യിരെ. 30, യെഹെ. 38-39, സെഖ. 12-14.

ഇപ്പോഴത്തെ സാഹചര്യത്തോട് ബന്ധപ്പെട്ട പ്രസക്തമായ വേദഭാഗം സങ്കീർത്തനം 83-ൽ കാണുന്നു:

***'ദൈവമേ, മിണ്ടാതെയിരിക്കരുതേ; ദൈവമേ, മൗനമായും സ്വസ്ഥമായും ഇരിക്കരുതേ. ഇതാ, നിന്റെ ശത്രുക്കൾ കലഹിക്കുന്നു; നിന്നെ പകയ്ക്കുന്നവർ തല ഉയർത്തുന്നു. അവർ നിന്റെ ജനത്തിന്റെ നേരെ ഉപായം വിചാരിക്കയും നിന്റെ ഗുപ്തന്മാരുടെ നേരെ ദുരാലോചന കഴിക്കയും ചെയ്യുന്നു. വരുവിൻ, യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചുകളക. അവരുടെ പേർ ഇനി ആരും ഓർക്കരുത് എന്ന് അവർ പറഞ്ഞു.***

***അവർ ഇങ്ങനെ ഐകമത്യത്തോടെ ആലോചിച്ചു, നിനക്കു വിരോധമായി സഖ്യത ചെയ്യുന്നു. അവരുടെ കുലീനന്മാരെ ഓരേബ്, സേബ് എന്നവരെപ്പോലെയും അവരുടെ സകല പ്രഭുക്കന്മാരെയും സേബഹ്, സല്മൂന്നാ എന്നവരെപ്പോലെയും ആക്കേണമേ. നാം ദൈവത്തിന്റെ നിവാസങ്ങളെ നമുക്കു അവകാശമാക്കിക്കൊള്ളുക എന്നു അവർ പറഞ്ഞുവല്ലോ... ...യഹോവേ, അവർ തിരുനാമത്തെ അന്വേഷിക്കേണ്ടതിനു നീ അവരുടെ മുഖത്തെ ലജ്ജാ പൂർണ്ണമാക്കേണമേ. അവർ എന്നേക്കും ലജ്ജിച്ചു ഭ്രമിക്കയും നാണിച്ചു നശിച്ചുപോകയും ചെയ്യട്ടെ. അങ്ങനെ അവർ യഹോവ എന്നു നാമമുള്ള നീ മാത്രം സർവ്വ ഭൂമിക്കും മീതെ അത്യുന്നതൻ എന്നു അറിയും.***

ഈ സങ്കീർത്തനത്തിൽ ശ്രദ്ധിക്കേണ്ട മൂന്നു കാര്യങ്ങളുണ്ട്.

1. ഇതിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ യിസ്രായേലുമായി അല്ല യുദ്ധം ചെയ്യുന്നത്, ദൈവവുമായാണ്. 'അവർ ഇങ്ങനെ ഐകമത്യത്തോടെ ആലോചിച്ചു, നിനക്കു വിരോധമായി സഖ്യത ചെയ്യുന്നു.'

2. അവർ പറയുന്നു, 'യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചു കളക. അവരുടെ പേർ ഇനി ആരും ഓർക്കരുത്, നാം ദൈവത്തിന്റെ നിവാസങ്ങളെ നമുക്കു അവകാശമാക്കിക്കൊള്ളുക.'

3. യിസ്രായേലിനുവേണ്ടി ദൈവം ഇടപെടാൻ സങ്കീർത്തനക്കാരൻ ദൈവത്തോട് അപേക്ഷിക്കുകയാണ്, 'അങ്ങനെ അവർ യഹോവ എന്നു നാമമുള്ള നീ മാത്രം സർവ്വ ഭൂമിക്കും മീതെ അത്യുന്നതൻ എന്നു അറിയും.'

അവർ യുദ്ധം ചെയ്യുന്ന ദൈവം അബ്രഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും ദൈവമാണ്. നാം ഉല്പത്തി 15 - ൽ വായിക്കുന്നതുപോലെ ദൈവമാണ് ആ ദേശം അബ്രഹാമിന്റെ തലമുറയ്ക്ക് ഉടമ്പടിയായി നൽകിയത്. ***'പിന്നെ അവനോട്: ഈ ദേശത്തെ നിനക്ക് അവകാശമായി***

***തരുവാൻ കൽദയ പട്ടണമായ ഊരിൽ നിന്നു നിന്നെ കൂട്ടിക്കൊണ്ടു വന്ന യഹോവ ഞാൻ ആകുന്നു എന്ന് അരുളിച്ചെയ്തു'.*** ഈ ഉടമ്പടി അബ്രഹാമിന്റെ പുത്രൻ യിസഹാക്കുമായും (ഉല്പ. 26: 1-6) അവന്റെ പുത്രൻ യാക്കോബുമായും (ഉല്പ. 28: 13-15, 35:11-13) പുതുക്കി.

പുറപ്പാടിന്ശേഷം, മോശെ ജനത്തെ വാഗ്ദത്ത ദേശത്തിന്റെ അതിർത്തിയിലേക്ക് നയിച്ചു. അവൻ അവരെ ആവർത്തന പുസ്തകം വായിച്ചു കേൾപ്പിച്ചു. അവർ ദേശത്തെ അവകാശമാക്കുന്നതും, അതിലെ അനുഗ്രഹം പ്രാപിക്കുന്നതും ദൈവത്തിന്റെ പ്രമാണത്തോടുള്ള അവരുടെ അനുസരണത്തെ ആശ്രയിച്ചിരിക്കുന്നു (ആവ. 11:13-28). അവരുടെ അനുസരണക്കേട് അർത്ഥമാക്കുന്നത് ദൈവത്തിന്റെ ന്യായവിധി മൂലം അവർ ദേശത്തിൽ നിന്നു പുറത്താക്കപ്പെടുമെന്നാണെങ്കിലും (അധ്യായം 28), ദൈവത്തിന്റെ സമയത്തിലും ഉദ്ദേശ്യത്തിലും അവരെ തിരികെ കൊണ്ടുവരും (അധ്യായം 30). ഇത് അബ്രാഹാമിനോടുള്ള ഉടമ്പടി മൂലമാണ്.

ബൈബിൾ പ്രവചനം സൂചിപ്പിക്കുന്നത് ദേശത്തിലേക്കുള്ള അവരുടെ മടങ്ങിവരവിനുശേഷം അവരുടെ ചുറ്റുമുള്ള രാജ്യങ്ങളിൽ നിന്ന് അവർ എതിർപ്പ് നേരിടുമെന്നാണ്. ചുറ്റുമുള്ള ദേശക്കാരിൽ നിന്ന് യിസ്രായേൽ തിരസ്കരണം നേരിടുന്നത് സങ്കീർത്തനക്കാരൻ വിവരിക്കുന്നു, അവർ പറയുന്നു, 'യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചുകളക'. അതേ സന്ദേശം തന്നെയാണ് ഇപ്പോൾ യിസ്രായേലിനെ എതിർക്കുന്ന ആളുകളും ഉച്ചരിക്കുന്നത്. അവർ ഏറ്റു പാടുന്നു, 'നദിയിൽ നിന്ന് സമുദ്രംവരെ പലസ്തീൻ സ്വതന്ത്രമായിരിക്കും'. അതിന്റെ അർത്ഥം യോർദ്ദാൻ നദി മുതൽ മധ്യധരണി ആഴിവരെയുള്ള മുഴുവൻ പ്രദേശങ്ങളും യെഹൂദരുടെ നിയന്ത്രണത്തിൽ നിന്ന് വിമുക്തമാക്കപ്പെടണമെന്നാണ്. അത് ഹമാസ് പോലുള്ള ആളുകളുടെ കൈയിൽപെട്ടാൽ, അത് യെഹൂദ മുക്തമായിത്തീരും.

## ഇസ്ലാമും യിസ്രായേലും

യെരൂശലേമിൽ മുസ്ലിം ഭരണം ആരംഭിച്ചത് 632-ൽ ആണ്, 1917-ൽ ഒട്ടോമൻ തുർക്കികളിൽ നിന്ന് ബ്രിട്ടീഷുകാർ നിയന്ത്രണം ഏറ്റെടുക്കുന്നത് വരെ ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അത് തുടർന്നു (1099-1187 വരെയുള്ള കുരിശു യുദ്ധ കാലം മാത്രം അതിന് അപവാദം). ഒട്ടോമൻ തുർക്കികൾ 1517 മുതൽ 1917 വരെ ആ പ്രദേശം മുഴുവനും ഭരിച്ചിരുന്നു. ബ്രിട്ടീഷുകാർ ബ്രിട്ടീഷ് പലസ്തീൻ പ്രദേശങ്ങൾ ഐക്യരാഷ്ട്ര സഭയ്ക്ക് കൈമാറി. യോർദ്ദാന് പടിഞ്ഞാറു ഭാഗത്തുള്ള പ്രദേശം ഒരു യെഹൂദ രാജ്യമായും ഒരു അറബ് രാജ്യമായും വിഭജിക്കാൻ ഐക്യരാഷ്ട്രസഭ ഉത്തരവിറക്കി. യെഹൂദർ വിധി അംഗീകരിച്ചു. എന്നാൽ, അറബികൾ അത് അംഗീകരിച്ചില്ല. യെഹൂദ രാഷ്ട്രത്തെ ജനനത്തിൽ തന്നെ ഇല്ലാതാക്കാൻ അഞ്ചു സൈന്യങ്ങൾ യിസ്രായേലിനെ അധിനിവേശം ചെയ്യാൻ വന്നു. എല്ലാ പ്രതിബന്ധങ്ങൾക്കും എതിരെ യിസ്രായേൽ പൊരുതി, അധിനിവേശക്കാരെ തുരത്തി. 1949-ലെ വെടിനിർത്തൽ പ്രകാരം അതിർത്തികൾ നിശ്ചയിച്ചു. യോർദാൻ, പടിഞ്ഞാറെതീരം നിയന്ത്രിച്ചു (ബൈബിളിലെ യെഹൂദ ശമരിയ പ്രദേശങ്ങൾ എന്നിവ). കിഴക്കൻ യെരൂശലേമും (പഴയ നഗരം), അതേസമയം ഈജിപ്റ്റ്, ഗാസയും സീനായും നിയന്ത്രിച്ചു. 1967-ൽ ഈജിപ്റ്റിന്റെ നേതൃത്വത്തിൽ ഒരു സഖ്യം, യിസ്രായേലിന് അന്ത്യംകുറിച്ച് അവരെ കടലിലേക്ക് തുത്തെറിയുക എന്ന ലക്ഷ്യത്തോടെ യിസ്രായേലിനെ ആക്രമിച്ചു. ആറുദിവസത്തെ യുദ്ധത്തിൽ അവർ പരാജയപ്പെടുകയും, യിസ്രായേലിന് സമ്പൂർണ്ണ യെരൂ

ശലേം, പടിഞ്ഞാറെതീരം, ഗാസ, സീനായി ഗോലൻ കുന്നുകൾ, എന്നീ പ്രദേശങ്ങളുടെ നിയന്ത്രണം ലഭിക്കുകയും ചെയ്തു.

സങ്കീർത്തനം 83 - ലേക്ക് മടങ്ങിവരികയാണെങ്കിൽ, സേബഹ്, സല്മൂന്നാ എന്നിവരെപ്പറ്റി പറയുന്ന താല്പര്യജനകമായ ഒരു വാക്യം നാം കാണുന്നു. ഗിദയോന്റെ കാലത്ത് യിസ്രായേലിനെ അധിനിവേശം ചെയ്ത മിദ്യാന്യ രാജാക്കന്മാർ ആണ് ഇവർ. ന്യായാധിപന്മാരുടെ പുസ്തകത്തിൽ എട്ടാം അധ്യായത്തിൽ അവരെപ്പറ്റി പറഞ്ഞിരിക്കുന്നു. അവർ പറഞ്ഞത് എന്താണെന്ന് ശ്രദ്ധിക്കുക: ***'നാം ദൈവത്തിന്റെ നിവാസങ്ങളെ നമുക്കു അവകാശമാക്കിക്കൊള്ളുക'***. മറ്റൊരുവാക്കിൽ പറഞ്ഞാൽ, നാം യെഹൂദരെ ദേശത്തിൽ നിന്നു പുറത്താക്കി, യിസ്രായേലിന് ദൈവം കൊടുത്ത ദേശം നമ്മുടെ കൈവശമാക്കുക. അവരുടെ പരാജയത്തിന് ശേഷം, അവരെ ഗിദയോനു മുന്നിൽ കൊണ്ടുവന്നു. അവൻ അവരെ വധിച്ചു: 'നീ തന്നെ എഴുന്നേറ്റു ഞങ്ങളെ വെട്ടുക; ആളെപ്പോലെയല്ലോ അവന്റെ ബലം എന്നു പറഞ്ഞു. അങ്ങനെ ***ഗിദെയോൻ എഴുന്നേറ്റു സേബഹിനെയും സൽമുന്നയെയും കൊന്നു; അവരുടെ ഒട്ടകങ്ങളുടെ കഴുത്തിലെ ചന്ദ്രക്കലകൾ എടുത്തു'*** (ന്യായാ. 8:21).

അംഗീകൃത വിവർത്തനം (Authorised Version) ഉൾപ്പെടെ മിക്ക പരിഭാഷകളിലും, ചന്ദ്രക്കല (crescent) എന്ന വാക്ക് കാണുന്നില്ല. ഒട്ടകങ്ങളുടെ കഴുത്തിലെ ആഭരണങ്ങൾ എന്നാണ് അത് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ആഭരണങ്ങൾ എന്ന വാക്കിന്റെ എബ്രായ ശബ്ദം സഹരോനിം (saharonim) എന്നാണ്. നിങ്ങൾ വേദപുസ്തക എബ്രായ നിഘണ്ടു (Gesenium or the BDB Hebrew lexicon) പരിശോധിക്കുകയാണെങ്കിൽ, മൂലപദമായ 'സഹറുമായി' ഒരു ബന്ധം നിങ്ങൾ കാണും, ചന്ദ്രനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന പദമാണിത്, പ്രത്യേകിച്ച് ചന്ദ്രക്കലയുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, സഹരോനിം / ചന്ദ്രക്കല ആഭരണങ്ങൾ, ഗിദയോന്റെ കാലത്ത് ആ പ്രദേശത്ത് ജീവിച്ചിരുന്ന വിജാതീയ ദേവനായ ചന്ദ്രദേവന് സമർപ്പിക്കപ്പെട്ടിരിക്കാം. ആ കാലത്തിന് മുൻപുള്ള ചന്ദ്രദേവന് അള്ളാ എന്ന വാക്കുമായി ബന്ധമുണ്ട്. ഇവിടെ സേബഹും സൽമുന്നയും അവരുടെ കഴുത്തിൽ ചന്ദ്രക്കല ആഭരണങ്ങൾ അണിഞ്ഞിരിക്കുന്ന ഒട്ടകങ്ങളോടൊപ്പം ചന്ദ്രദേവന്റെ നാമത്തിൽ, ദൈവം ജൂതജനം വസിച്ച ദേശം കൈവശമാക്കാൻ വരുന്നു.



ചന്ദ്രക്കല അവരുടെ ചിഹ്നമായിത്തീർന്നു. ഇസ്ലാം യെഹൂദ, ക്രൈസ്തവ വിശ്വാസങ്ങളിൽ നിന്ന് വന്നതാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും, യഥാർത്ഥത്തിൽ ഈ രണ്ടു വിശ്വാസങ്ങളോടും അത് ശത്രുത പുലർത്തുന്നു. യെഹൂദരുടെ മാതൃഭൂമി എന്ന നിലയിൽ യിസ്രായേൽ ദേശത്തിന്റെ പുനഃസ്ഥാപനത്തോട് ഇസ്ലാമിന്റെ മിക്ക അനുയായികൾക്കും ശത്രുതയാണ്. കാരണം, ബൈബിളിലെ ദൈവത്തോടു അടിസ്ഥാനപരമായി അവർക്ക് എതിർപ്പുണ്ട്. അവരുടെ ആഗ്രഹം, 'ദൈവത്തിന്റെ നിവാസങ്ങളെ നമുക്കു അവകാശമാക്കിക്കൊള്ളുക' (സങ്കീ. 83:12) എന്നത്രേ.

## പലസ്തീൻ അതോറിറ്റിയും ദ്വിരാഷ്ട്ര പരിഹാരവും

പാശ്ചാത്യ ലോകത്തിലെ നേതാക്ക

ന്മാർ, ഒക്ടോബർ 7-ന് യിസ്രായേലിൽ ഹമാസ് നടത്തിയ അക്രമണത്തെ അപലപിക്കുന്നതിൽ ഒരുമിച്ചു നിന്നു. അതേസമയം, സംഘർഷത്തിന്റെ പരിഹാരത്തിന് അവർ പലസ്തീൻ അതോറിറ്റിയിലേക്ക് നോക്കുന്നു. ജോർദാന്റെ പടിഞ്ഞാറെ തീരം, ഗാസ പ്രദേശത്ത് ഒരു പാലസ്തീൻ രാജ്യം സ്ഥാപിച്ചുകൊണ്ടുള്ള ദ്വിരാഷ്ട്ര പരിഹാരത്തിന്റെ പശ്ചാത്തലത്തിൽ, പലസ്തീൻ അതോറിറ്റി ഗാസയുടെ ഭരണം ഏറ്റെടുക്കുമെന്ന് ചിലർ പ്രത്യാശിക്കുന്നു.

യിസ്രായേൽ പ്രധാനമന്ത്രി നെതന്യാഹു ഇത് തള്ളിക്കളഞ്ഞു, അദ്ദേഹം പറയുന്നത്, യുദ്ധം തീർന്നാലും യിസ്രായേൽ ഗാസയിൽ തുടരണമെന്നും സുരക്ഷയുടെ സാഹചര്യത്തിന്റെ നിയന്ത്രണം ഏറ്റെടുക്കണമെന്നുമാണ്.

അത് അദ്ദേഹത്തെ അമേരിക്കൻ പ്രസിഡന്റ് ബൈഡനുമായി സംഘർഷത്തിലാക്കുന്നു. ബൈഡൻ പറഞ്ഞു, ദ്വിരാഷ്ട്ര പരിഹാരം മാത്രമാണ്, യിസ്രായേലിന്റെയും പലസ്തീന്റെയും ദീർഘകാല സുരക്ഷയ്ക്കുള്ള ഒരേയൊരു മാർഗ്ഗം. യിസ്രായേലും പലസ്തീനികളും തുല്യമായ സ്വാതന്ത്ര്യത്തിലും അന്തസ്സിലും ജീവിക്കുന്നത് അത് ഉറപ്പാക്കും. ബ്രിട്ടീഷ് പ്രധാനമന്ത്രി സുനക്ക്, ഇമ്മാനുവൽ മക്രോണിനെപ്പോലുള്ള യൂറോപ്യൻ യൂണിയൻ നേതാക്കൾക്കൊപ്പം സമാനമായ അഭിപ്രായം പ്രകടിപ്പിച്ചു.

യിസ്രായേലുമായും അന്ത്യകാലവുമായി ബന്ധപ്പെട്ട ബൈബിൾ പ്രവചനങ്ങൾ യുദ്ധങ്ങളുടെയും സംഘർഷങ്ങളുടെയും ഒരു പരമ്പരയെപ്പറ്റി പറയുന്നു. എന്നാൽ, ഒരു ആഗോളശക്തി ആ പ്രദേശത്ത് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുമെന്ന് സൂചിപ്പിക്കുന്ന ദാനി. 9:27, യെശ. 28, സെഖ. 12 പോലുള്ള വേദഭാഗങ്ങളും ഉണ്ട്.

പലസ്തീൻ അതോറിറ്റിയുടെ പിന്നിലെ അധികാര കേന്ദ്രമായ പാലസ്തീൻ വിമോചന സംഘടന, ഹമാസിനെപ്പോലെയല്ല, 1993-ൽ ഓസ്ലോ കരാർ ഒപ്പുവയ്ക്കാൻവേണ്ടി യിസ്രായേലിനെ ഒരു രാജ്യമായി അംഗീകരിക്കാനും അതിന്റെ അസ്തിത്വത്തിന്റെ അവകാശം അംഗീകരിക്കാനും അവർ ഒരുക്കമായിരുന്നു. എന്നാൽ അവർ നിലപാട് മാറ്റിക്കൊണ്ട് ഇപ്പോൾ യിസ്രായേലിന്റെ നാശത്തിനുവേണ്ടി മുറവിളികൂട്ടുന്നു. യിസ്രായേലിന്റെ വലതുപക്ഷത്തുള്ള പലരും വിശ്വസിക്കുന്നത്, 1974-ൽ ആസൂത്രണം ചെയ്ത് പിഎൽഒയുടെ ഘട്ടംഘട്ടമായുള്ള പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വഞ്ചനയാണിതെന്നാണ്. യിസ്രായേൽ പിൻവാങ്ങുന്ന ഏത് പ്രദേശത്തും പലസ്തീൻ രാജ്യം സ്ഥാപിക്കാൻ അത് ആവശ്യപ്പെട്ടു. ആ പ്രദേശത്തെ യിസ്രായേലിന്റെ നാശം എന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ കേന്ദ്രം ആക്കുക. 2005-ൽ പലസ്തീൻ അതോറിറ്റിയും ഹമാസും യുദ്ധത്തിൽ ഏർപ്പെട്ടു. തൽഫലമായി ഹമാസ് ഗാസയുടെ നിയന്ത്രണം പിടിച്ചെടുത്തു. അതേസമയം പശ്ചിമതീര നിയന്ത്രണം പലസ്തീൻ അതോറിറ്റിയുടെ കൈയിൽ തുടർന്നു..

അതിനുശേഷം, ദ്വിരാഷ്ട്ര പരിഹാരം പ്രാവർത്തികമാക്കാൻ അമേരിക്കക്കാർ നയിച്ച നിരവധി ശ്രമങ്ങൾ ഉണ്ടായി. എന്നാൽ അതിൽ എന്തെങ്കിലും പുരോഗതിയുണ്ടാക്കുന്നതിൽ അവർ പരാജയപ്പെട്ടു. യെരൂശലേം ആണ് പ്രധാനപ്പെട്ട തടസ്സം. പലസ്തീൻ അതോറിറ്റി കിഴക്കൻ യെരൂശലേമിനെ തലസ്ഥാനമാക്കാൻ ആഗ്രഹിക്കുന്നു. അതേസമയം, യെരൂശലേം യിസ്രായേലിന്റെ വിഭജിക്കപ്പെടാത്ത തലസ്ഥാനം ആയിരിക്കുമെന്ന് അവർ നിയമം പാസാക്കി. ഒക്ടോബർ 7-ലെ ഹമാസ് ആക്രമണത്തിനുശേഷം, പലസ്തീൻ അതോറിറ്റിയുടെ മതകാര്യ വിഭാഗം പള്ളി പ്രസംഗകർക്കുള്ള നിർദ്ദേശങ്ങൾ അയച്ചു. വെള്ളിയാഴ്ച പ്രസംഗങ്ങളിൽ ഉൾപ്പെടുത്തേണ്ട ഉള്ളടക്കത്തെപ്പറ്റിയുള്ള വിവരങ്ങൾ ആണ് അവ. 'യെഹൂദരുടെ ഉന്മൂലനം ഒരു

ഇസ്ലാമിക ലക്ഷ്യം ആണെന്ന് എല്ലാ മതകേന്ദ്രങ്ങളും പഠിപ്പിക്കണം (പലസ്തീൻ മാദ്ധ്യമ നിരീക്ഷണം).

ഒക്ടോബർ 7-ന് ഹമാസ് യെഹൂദ പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും യിസ്രായേലിൽ കടന്നുകയറി ആക്രമിച്ചതിനാൽ പലസ്തീനികളുടെ ഇടയിൽ അതിന്റെ ജനപ്രീതി വർധിച്ചു. ഒരു ഹിത പരിശോധന വെളിപ്പെടുത്തുന്നത് 75% പലസ്തീനികളും ഹമാസിന്റെ കടന്നുകയറ്റത്തെ പിന്തുണയ്ക്കുന്നു എന്നാണ്. ഫത്താ കേന്ദ്ര സമിതിയുടെ സെക്രട്ടറി ജനറലും മുഹമ്മദ് അബ്ബാസിനുശേഷം പലസ്തീൻ അതോറിറ്റിയുടെ പ്രസിഡന്റ് ആവാൻ സാധ്യതയുള്ള സ്ഥാനാർഥി ജിബ്രിൽ രജൗബ് പറഞ്ഞത്, യിസ്രായേലിന് എതിരെയുള്ള ഹമാസിന്റെ കൂട്ടക്കൊല ഒരു പ്രതിരോധ പോരാട്ടമായിരുന്നുവെന്നും അത് പശ്ചിമതീരത്തും എല്ലാ പലസ്തീൻ പ്രദേശത്തും ഒരു സ്ഫോടനം ആരംഭിക്കാൻ കാരണമാകുമെന്നാണ്. എല്ലാ വിമത വിഭാഗങ്ങളും ഹമാസിനെ പിന്തുണയ്ക്കണമെന്നും 'യിസ്രായേലിന് എതിരെയുള്ള യുദ്ധത്തിൽ ഒരുമിക്കണമെന്നും' അദ്ദേഹം ആവശ്യപ്പെട്ടു. 'യിസ്രായേൽ പൗരന്മാർ പലസ്തീനികളോട് ചെയ്ത കാര്യങ്ങൾക്കുള്ള' സ്വാഭാവിക പ്രതികരണമാണ് ഒക്ടോബർ 7-ലെ ഹമാസിന്റെ ആക്രമണമെന്ന് പലസ്തീൻ അതോറിറ്റി പ്രധാനമന്ത്രി മൊഹമ്മദ് ഷദയ്യ പറഞ്ഞു. പശ്ചിമ തീരത്ത് വീണ്ടും തിരഞ്ഞെടുപ്പു നടന്നാൽ ഹമാസ് വിജയിക്കുമെന്നാണ് എല്ലാ അഭിപ്രായ വോട്ടെടുപ്പുകളും കാണിക്കുന്നത്.

അതിന്റെ ഫലമായി, ലോകത്തെമ്പാടുമുള്ള യിസ്രായേലികളും യെഹൂദ ജനതയും അതൊക്കെ അഭിമുഖീകരിക്കുന്ന കാര്യത്തിൽ മിക്കവാറും ആശങ്കയിലാണ്. സമാധാനം സ്ഥാപിക്കാനുള്ള സാധ്യത വിരളമോ അല്ലെങ്കിൽ ഇല്ലാതിരിക്കുന്ന അവസ്ഥയോ ആണ് ഇപ്പോൾ. ആ പ്രദേശത്ത് തുടർന്നുകൊണ്ടിരിക്കുന്ന യുദ്ധം മറ്റുഭാഗങ്ങളിലേക്ക് വ്യാപിച്ച് യിസ്രായേലിന്റെ നിലനിൽപ്പിനു ഭീഷണി ഉയർത്തുന്നതും ആശങ്കയ്ക്ക് കാരണമാണ്. അങ്ങനെയൊരു സാഹചര്യത്തിൽ, ദൈവത്തിന് മാത്രമേ ആശാവഹമായ ഒരു പരിഹാരം കൊണ്ടുവരാൻ സാധിക്കൂ.

അന്ത്യ നാളുകളിൽ യിസ്രായേൽ ഏർപ്പെടാൻ പോകുന്ന ഒരു വ്യാജ സമാധാന ഉടമ്പടിയെപ്പറ്റിയുള്ള പ്രവചനമായി ദാനിയേൽ 9:27-നെ വ്യാഖ്യാനിക്കാം: ***'അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനന യാഗവും ഭോജന യാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും.'***

യെരൂശലേം ആര് ഭരിക്കണമെന്ന് തർക്കമുണ്ടാകുമെന്ന് സെഖ. 12 സൂചിപ്പിക്കുന്നു. ഇതിൽ ചുറ്റുമുള്ള എല്ലാ ആളുകളും (യെഹൂദരും അറബികളും), എല്ലാ രാജ്യങ്ങളും (ഐക്യരാഷ്ട്ര സഭയും, അമേരിക്കയും ലോകത്തിലെ എല്ലാ രാജ്യങ്ങളും) ഉൾപ്പെടും: ***'ഞാൻ യെരൂശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഒരു പരിഭ്രമ പാത്രമാക്കും; യെരൂശലേമിന്റെ നിരോധത്തിങ്കൽ അതു യെഹൂദെക്കും വരും.'***

യിസ്രായേൽ ദേശത്തെ വിഭജിച്ച് അതിന്റെ ജനതയെ ചിതറിക്കാൻ ശ്രമിക്കുമ്പോൾ ഈ രാജ്യങ്ങൾ ദൈവത്തിന്റെ ന്യായവിധിയുടെ കീഴിലാകുമെന്ന് യോവേൽ മൂന്നാം അധ്യായം നമ്മോട് പറയുന്നു. ***'ഞാൻ യെഹൂദയുടെയും യെരൂശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകല ജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവ***

*രോടു വ്യവഹരിക്കയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു എന്റെ ദേശത്തെ വിഭാഗിച്ചു കളഞ്ഞുവല്ലോ. അവർ എന്റെ ജനത്തിനു ചീട്ടിട്ടു*'.

ദാനിയേൽ 9:27-ലെ ഉടമ്പടി എഴു വർഷത്തെ മഹോപദ്രവ കാലത്തോടെ ആരംഭിക്കും. യെഷുവാ മശിഹാ (യേശുവിന്റെ എബ്രായ പേര്) മടങ്ങിവരുന്ന ദിവസങ്ങൾ എണ്ണുന്നത് അപ്പോൾ ആരംഭിക്കും. അവസാനത്തെ ലോകാധിപതിയായ എതിർ ക്രിസ്തു യിസ്രായേൽ ദേശത്തിലെ നിരവധി പേരെ ഉൾകൊള്ളിക്കുന്ന ഉടമ്പടിയാണിത്. അവൻ അതു ലംഘിക്കുകയും അത് അന്ത്യ യുദ്ധത്തിലേക്കും (ഹർമ്മഗെദ്ദോൻ) മശിഹായുടെ മടങ്ങിവരവിലേക്കും നയിക്കും. യാക്കോബിന്റെ കഷ്ടകാലത്തിലേക്ക് അത് നയിക്കും (യിരെ. 30:5-11). അതിൽ നിന്ന് യെഹൂദ ജനതയെ മശിഹായുടെ മടങ്ങി വരവ് രക്ഷിക്കും.

## കർത്താവിനെ അറിയുന്നത്

സങ്കീർത്തനം 83-ലേക്ക് മടങ്ങിവരിക, സങ്കീർത്തനക്കാരൻ യിസ്രായേലിനു വേണ്ടി ഇടപെടാൻ ദൈവത്തോട് അപേക്ഷിക്കുന്നു. *' അങ്ങനെ അവർ യഹോവ എന്നു നാമമുള്ള നീ മാത്രം സർവ്വഭൂമിക്കും മീതെ അത്യുന്നതൻ എന്നു അറിയും.'*

ഇത് സംഭവിക്കാൻ, യിസ്രായേൽ ദൈവത്തെ സത്യത്തിലും ആത്മാവിലും അറിയണം. ഇന്ന്, യിസ്രായേലിന്റെ രക്ഷയുടെയും അവളുടെ ശത്രുക്കളിൽ നിന്നുള്ള വിടുതലിന്റെയും ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ അവർ യേശു മശിഹായെയും പുതിയ ഉടമ്പടിയെയും സ്വീകരിക്കുന്നത് ഉൾപ്പെടുന്നു.

*'ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലംവരും എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെയല്ല; ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്. എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു*' (യിരെ. 31:31-34).

അന്ത്യകാലത്തിൽ യിസ്രായേലിനെപ്പറ്റിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം അവരെ യേശു മശിഹായിൽ വെളിപ്പെട്ട സത്യദൈവത്തിലേക്ക് കൊണ്ടുവരിക എന്നതാണ്. അവിടുന്നു മടങ്ങിവരുമ്പോൾ യെശ. 2-ൽ പ്രവചിച്ചിരിക്കുന്നതുപോലെ സമാധാനത്തിന്റെ അവസാന കാലയളവ് ഉണ്ടാകും. അപ്പോൾ ദേശത്തിൽ ദൈവത്തിന്റെ സത്യാരാധനയും, വിശുദ്ധ മന്ദിരവും പുനഃസ്ഥാപിക്കുമെന്നു യെഹെ. 40-48 - വരെയുള്ള അദ്ധ്യായങ്ങളിൽ പറയുന്നു. അവിടുന്ന് സഹസ്രാബ്ദ രാജ്യം സ്ഥാപിച്ച് യെരുശലേമിൽ നിന്നു വാഴും. യെശ. 2:1-4 വരെയും വെളി. 20-ലും വാഗ്ദത്തം ചെയ്തിരിക്കുന്നതുപോലെ, ലോകത്തിന്റെ അവസാനത്തിനു മുൻപ്, പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നതിനു മുൻപ് കർത്താവ് ഭൂമിയിൽ സമാധാനവും ന്യായവും കൊണ്ടുവരും. അവിടെ നീതിയും, എല്ലാ വിശ്വാസികൾക്കും നിത്യമായ വിശ്രമവും ലഭിക്കും. *

# സിഒാപി 28



## ആഗോളതാപനമോ ശീതനമോ?

ഉന്നതരും ശ്രേഷ്ഠരും, ഐക്യരാഷ്ട്ര സഭയുടെ വാർഷിക കാലാവസ്ഥാ ഉച്ചകോടിയായ സിഒാപി 28-നു വേണ്ടി ദുബായിൽ ഒരുമിച്ചുകൂടി. മാനവരാശിയുടെ ഭാവിയ്ക്ക് ഭീഷണിയായ മനുഷ്യൻ സൃഷ്ടിച്ച ആഗോളതാപനത്തിൽ നിന്നും ലോകത്തെ എങ്ങനെ രക്ഷിക്കാമെന്ന് ചർച്ച ചെയ്യുന്നതിനാണ് അവർ ഒരുമിച്ചു കൂടിയത്. ഭൂമിയെ രക്ഷിക്കാൻ, അവർ സ്വകാര്യ ജെറ്റു വിമാനങ്ങളിൽ വന്ന് മേൽത്തരമായ ഭക്ഷണം കഴിച്ചിട്ട്, ബാക്കിയുള്ള നമ്മോട് ജൈവ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതും മാംസാഹാരം ഉപയോഗിക്കുന്നതും നിർത്തണമെന്ന് പറയുന്നു.

അതിഥികളെ അലോസരപ്പെടുത്തിക്കൊണ്ട്, സിഒാപി 28-ന്റെ അധ്യക്ഷൻ സുൽത്താൻ അൽ ജാബർ ഉച്ചകോടിയ്ക്ക് മുൻപ് പറഞ്ഞത്, ജൈവ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കണമെന്ന് ആവശ്യപ്പെടുന്നതിനു പിന്നിൽ ഒരു ശാസ്ത്രവും ഇല്ലെന്നാണ്. 'ലോകത്തെ വീണ്ടും ഗുഹകളിലേക്ക് കൊണ്ടുപോകാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ, ഘട്ടം ഘട്ടമായി ജൈവ ഇന്ധനങ്ങളുടെ ഉപയോഗം അവസാനിപ്പിക്കുന്നത് സുസ്ഥിരമായ വികസനത്തെ തടയും' എന്ന് അദ്ദേഹം പറഞ്ഞു.

അദ്ദേഹം പറയാൻ പാടില്ലാത്തത് പറഞ്ഞോ? ഗൾഫിന്റെ തീരത്തെ ഒരു മീൻപിടുത്ത ഗ്രാമത്തെ, ദുബായ് എന്ന സമ്പന്നമായ വമ്പൻ നഗരമാക്കി മാറ്റിയ ഒരേയൊരു വസ്തുത അറേബ്യയിലെ മരുഭൂമിയിൽ വലിയതോതിൽ എണ്ണയുടെയും വാതകത്തിന്റെയും ശേഖരം കണ്ടെത്തിയതാണ്. ലോകത്തിലെ വ്യാവസായിക വികസനത്തിന് ഊർജ്ജം പകരാൻ ഇതു സഹായിച്ചു. അതില്ലെങ്കിൽ, നാം ഗുഹകളിലേക്കൊന്നും മടങ്ങി പോകില്ലായിരിക്കാം. എന്നാൽ, നാം വലിയ രീതിയിൽ ദരിദ്രരും തണുപ്പുള്ളവരും വിശപ്പുള്ളവരും ആയിത്തീർന്നേനെ. നിരവധിയാളുകൾ മരിക്കുമായിരുന്നു.

കൂടുതൽ തണുപ്പ് എന്ന വിഷയത്തിൻമേൽ, ആഗോളതാപനത്തിന്റെ ദുരിതങ്ങൾ ചർച്ച ചെയ്യാൻ അവർ സിഒാപി-28 – ൽ ഒരുമിച്ചുകൂടിയപ്പോൾ, നവംബറിന്റെ അവസാനത്തിൽ, ഡിസംബറിന്റെ തുടക്കത്തിൽ ഇതുവരെ രേഖപ്പെടുത്തിയതിൽവെച്ച് ഏറ്റവും കൂടുതൽ തണുപ്പ് ദൈവം വടക്കൻ അർദ്ധഗോളത്തിലേക്ക് അയച്ചു. ഹിമപാതം കിഴക്കൻ യൂറോപ്പിൽ ആകമാനം നാശം വിതച്ചുകൊണ്ട്, ലിത്വാനിയാ മുതൽ യുക്രൈൻവരെ, അങ്ങ് അകലെ ബൽഗേറിയവരെപ്പോലും ആയിരക്കണക്കിന് നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും വൈദ്യുതിവിതരണം തടസ്സപ്പെടുത്തി. റഷ്യയുടെ 17.1 ദശലക്ഷം കിലോമീറ്ററിൽ ഭൂരിഭാഗം പ്രദേശത്തും – 60 ഡിഗ്രിവരെ കൊടും തണുപ്പാണ്. മൂന്നുവർഷം അടുപ്പിച്ച് ഡിസംബർ മാസത്തിന്റെ തുടക്കത്തിൽ കൊടും ശൈത്യത്താൽ രാജ്യം വലയുകയാണ്. മോസ്കോ നഗരം ഇതുവരെ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ഹിമപാതത്തിന് സാക്ഷിയായി. അത് വിമാനത്താവളങ്ങളിൽ വലിയ രീതിയിൽ വിമാനം റദ്ദാക്കലിനും താമ

സത്തിനും കാരണമായി. യഥാർത്ഥത്തിൽ, ജർമ്മനിയിൽ മൊത്തത്തിൽ ഊഷ്മാവ് പൂജ്യം ഡിഗ്രിയ്ക്ക് താഴെയാണ്. വീണ്ടുവിചാരമില്ലാതെ, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിലേക്ക് ശ്രദ്ധ തിരിച്ച ജർമ്മനിയുടെ വൈദ്യുതി വിതരണ ശൃംഖല, വർധിച്ചുവരുന്ന ഊർജ്ജ ആവശ്യം നിറവേറ്റാൻ ബുദ്ധിമുട്ടുകയാണ്. മ്യൂണിക് വിമാനത്താവളത്തിൽ, ഡിസംബർ 4, തിങ്കളാഴ്ച, ഊഷ്മാവ് -18 ഡിഗ്രിവരെ താണു. ഡിസംബറിന്റെ തുടക്കത്തിൽ അത് തീർത്തും അസാധാരണമാണ്. കാലാവസ്ഥാ ഉച്ചകോടിയിൽ സംബന്ധിക്കുന്ന (ജൈവ ഇന്ധനം ഉപയോഗിക്കരുതെന്ന് നമ്മോട് പറയാൻ) പ്രതിനിധികൾക്കുവേണ്ടിയുള്ള സ്വകാര്യ ജെറ്റുകൾ തണുപ്പ്മൂലം പറക്കാൻ കഴിയാതെ മ്യൂണിക് വിമാനത്താവളത്തിൽ തുടരേണ്ടിവന്നു.



വടക്കെ അമേരിക്കയിൽ ശൈത്യം ആഞ്ഞടിച്ചു. ഓസ്ട്രേലിയയുടെ ചില ഭാഗങ്ങൾ എല്ലാ വർഷത്തേക്കാൾ അധികമായി തണുത്തുറഞ്ഞു. 'ഉത്തര ധ്രുവത്തിലെ മഞ്ഞ് വേനൽ മാസങ്ങളിൽ ഉരുകി അടുത്ത അഞ്ചുമുതൽ ഏഴുവർഷത്തിനുള്ളിൽ പൂർണ്ണമായും ഹിമ വിമുക്തമാകാൻ 75% സാധ്യതയുണ്ടെന്ന്' 2009-ൽ അൽഗോർ അവകാശവാദം മുഴക്കിയെങ്കിലും, ഉത്തര ധ്രുവത്തിലെയും, ദക്ഷിണ ധ്രുവത്തിലെയും ഗ്രീൻലാൻഡിലെയും മഞ്ഞുപാളികൾ വലുതായിക്കൊണ്ടിരിക്കുന്നുവെന്ന് വിവരശേഖരം കാണിക്കുന്നു. ഗ്രീൻലാന്റിലെ മഞ്ഞുപാളിയുടെ അളവ് നവംബറിൽ വലിയ രീതിയിൽ വർധിച്ചു. വിവരശേഖരം കാണിക്കുന്നത് ഭൂമിയുടെ 90% മഞ്ഞിന്റെ കേന്ദ്രമായ ദക്ഷിണ ധ്രുവ ഭൂഖണ്ഡം കഴിഞ്ഞ രണ്ടു ദശകങ്ങളായി 1 ഡിഗ്രി കൂടുതൽ തണുത്തു എന്നാണ്.

മുഖ്യധാരാ മാധ്യമങ്ങളിൽ ഇതൊന്നും സൂചിപ്പിക്കാറില്ല. വേനൽകാലത്ത് അസാധാരണമായ ചൂട് കാലാവസ്ഥ നമുക്ക് ലഭിക്കുന്നുണ്ടെങ്കിലും, ജൈവ ഇന്ധനം ഉപയോഗിക്കുന്നത് നിർത്തിയില്ലെങ്കിൽ, നമ്മെ ഭയപ്പെടുത്തി എല്ലാവരും വെന്തുപോകുമെന്ന് മുഖ്യധാരാ മാധ്യമങ്ങൾ നമ്മോട് എപ്പോഴും പറയുന്നു.

സിഓപി 28 ഉച്ചകോടിയിലെ ഉദ്ഘാടന പ്രസംഗത്തിൽ ചാൾസ് മൂന്നാമൻ പ്രകടിപ്പിച്ച ധർമ്മാത്മകമായ വീക്ഷണങ്ങൾ പരിസ്ഥിതി പ്രസ്ഥാനം പിന്തുണയ്ക്കുന്നു.

'നമ്മുടെ അമൂല്യമായ ഗ്രഹത്തെ സംരക്ഷിക്കാൻ നാം ഒരുമിച്ചു പ്രവർത്തിക്കുമെങ്കിൽ, നമ്മുടെ ജനങ്ങളുടെയെല്ലാം ക്ഷേമം തീർച്ചയായും അതുമൂലം ഉണ്ടാകും. നാമെല്ലാവരും മനുഷ്യർ എന്ന നിലയിൽ മാത്രമല്ല ബന്ധപ്പെട്ടിരിക്കുന്നതെന്നും, ജീവജാലങ്ങൾ എന്ന നിലയിൽ ജീവനെ പോഷിപ്പിക്കുന്ന എല്ലാമായിട്ടും ബന്ധപ്പെട്ടിരിക്കുന്ന മഹത്തായതും പരിശുദ്ധവുമായ വ്യവസ്ഥയുടെ ഭാഗമാണ് നാമെന്നും, തദ്ദേശീയ ലോകവീക്ഷണം നമ്മെ പഠിപ്പിക്കുന്നുവെന്ന് നാം ഓർക്കണം. പ്രകൃതിയുമായി നാം ഐക്യം സൂക്ഷിക്കണം. ഭൂമി നമ്മുടേതല്ല, നാം ഭൂമിയുടേതാണ്.'

നവയുഗ അദ്വൈത വാദത്തിന്റെ (എല്ലാത്തിലും ദൈവം) ഉത്തമമായ

പ്രസ്താവനയാണിത്. 'പരിശുദ്ധമായ ഒരു സംവിധാനത്തിന്റെ' ഭാഗമായി, എല്ലാ ജീവജാലങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ ആശയമാണിത്. സൃഷ്ടിയിൽ നിന്നുള്ള (ഭൂമിയും പ്രപഞ്ചവും) സ്രഷ്ടാവായ ദൈവത്തിന്റെ വേർപാട് എന്ന ബൈബിൾ വീക്ഷണത്തിന് ഇത് വിരുദ്ധമാണ്. ഭൂമിയെല്ലാം നമ്മുടേതല്ല എന്ന ചാൾസിന്റെ വീക്ഷണം ശരിയാണ്. അത് സൃഷ്ടിച്ച ദൈവത്തിന്റെതാണ് ഭൂമി. പുതിയ നിയമ വീക്ഷണം അനുസരിച്ച്, നാം (മനുഷ്യവംശം) ഒന്നുകിൽ യേശുവിലുള്ള വിശ്വാസത്തിലൂടെ തന്റെ കുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ടിരിക്കുന്നതിലൂടെ ദൈവത്തിന്റേതാണ്, അല്ലെങ്കിൽ ദൈവവുമായി യുദ്ധത്തിലായിരിക്കുന്ന ഇപ്പോഴത്തെ ലോക സംവിധാനത്തെ നിയന്ത്രിക്കുന്ന പിശാചിന്റെതാണ്.

അദ്ദേഹത്തിന്റെ ബാക്കി പ്രഭാഷണത്തെപ്പറ്റി അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് എക്സ്പോസിന്റെ റോദാ വിൽസൺ എഴുതി, https://expose-news.com:

*'ചാൾസ് മൂന്നാമൻ സിഒപി 28-ൽ പറഞ്ഞത്, 28 വർഷം മുൻപ്, പാരീസിൽ വച്ചു നടന്ന സിഒപി 21 കാലാവസ്ഥാ ഉച്ചകോടിയിൽ ഉദ്ഘാടന പ്രസംഗം നടത്താൻ എന്നോട് ആവശ്യപ്പെട്ടത് എന്നെ വല്ലാതെ സ്പർശിച്ചു. അതാണ് പാരീസ് ഉടമ്പടിയായി കലാശിച്ചത്.'*

*2015 ഡിസംബറിലെ സിഒപി 21 കാലാവസ്ഥാ ഉച്ചകോടിയിൽ സ്വീകരിച്ച പാരീസ് ഉടമ്പടി, ആഗോള ശരാശരി ഊഷ്മാവിന്റെ വർദ്ധനവ് 2 ഡിഗ്രിയിൽ താഴെയും പൂർവ്വ വ്യാവസായിക നിരക്കിന് മുകളിലും നിലനിർത്തണമെന്നും, ഊഷ്മാവിന്റെ വർദ്ധനവ് പൂർവ്വ വ്യാവസായിക നിരക്കിന് 1.5 ഡിഗ്രിയായി പരിമിതപ്പെടുത്താൻ ശ്രമിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.*

*എന്നാൽ, ഒരു മുൻ പുനരുപയോഗ ഊർജ്ജ മാനേജരും ജർമൻ വൈൽഡ് ലൈഫ് ഫൌണ്ടേഷന്റെ തലവനുമായ ഫ്രിറ്റ്സ് വോറൻഹാൾട്ട്, 2017-ൽ കണ്ടെത്തിയത്, ഉടമ്പടിയുടെ കരട് രേഖ സൂക്ഷ്മമായി പരിശോധിച്ചപ്പോൾ 'പൂർവ്വ വ്യാവസായിക നിരക്ക്' എന്ന പദം ഐക്യരാഷ്ട്ര സഭയുടെ ഐതിഹാസിക പ്രമാണത്തിൽ കാണാനേയില്ല. കോപ്പൻഹേഗൻ പൊതുസമ്മത കേന്ദ്രത്തിന്റെ അധ്യക്ഷനും 'വ്യാജ അപായ മണി' എന്ന പുസ്തകത്തിന്റെ രചയിതാവുമായ ബെജോൺ ലോംബോർഗ് 2017-ൽ ഒരു വീഡിയോയിൽ പറയുന്നതനുസരിച്ച്, പാരീസ് ഉടമ്പടിയ്ക്കുവേണ്ടി ആ സമയത്ത് ഏകദേശം ഒന്നു മുതൽ രണ്ടുലക്ഷം കോടി ഡോളർവരെ ഓരോ വർഷവും ചെലവാകും. കാലാവസ്ഥാ പ്രവർത്തകർ പറയുന്നു അത് ഭൂമിയെ രക്ഷിക്കുമെന്ന്. സത്യമാണോ? ഭൂമിക്കുവേണ്ടി അത് ഒന്നും ചെയ്യില്ല. എന്നാൽ അത് എല്ലാവരെയും — രാഷ്ട്രീയക്കാരെയും പരിസ്ഥിതിവാദികളെയും ഒഴിച്ച് കൂടുതൽ ദരിദ്രരാക്കുമെന്ന് പറയുന്നു. ബെജോൺ ലോംബോർഗ് 2015-ൽ പാരീസ് ഉടമ്പടി ഇതിനകം വിശദീകരിച്ചതാണ്, അത് പൂർണ്ണമായും പ്രാബല്യത്തിൽ ആയാൽ ഭൂമിയിലെ താപം 0.05 ഫാരൻഹീറ്റ് കുറയും. 0.05 ഫാരൻഹീറ്റ് വളരെ ചെറിയ കണക്കാണ്, അത് സെൽഷ്യസിൽ അളക്കാൻ കഴിയില്ല.*

*'കാലാവസ്ഥാ വ്യതിയാനം അസന്തുലിതമായ അളവിൽ ആണെന്ന് ശാസ്ത്രജ്ഞന്മാർ ദീർഘകാലമായി മുന്നറിയിപ്പ് നൽകുന്ന ഈ സമയത്ത് സിഓപി 28 രൂപാന്തര കർമ്മത്തിലേക്കുള്ള മറ്റൊരു നിർണായക വഴിത്തിരിവാകട്ടെ എന്ന് ഞാൻ പൂർണ്ണ ഹൃദയത്തോടെ പ്രാർത്ഥിക്കുന്നു.'*

*ചാൾസ് മൂന്നാമൻ ആരോടാണ് പ്രാർത്ഥിക്കുന്നതെന്ന് നാം ചോദിക്കണം. മുൻ ആഗ്ലിക്കൻ ബിഷപ്പും രാജ്ഞിയുടെ ചാപ്ലെനുമായിരുന്ന ഗവിൻ അഷൻഡെൻ 2022-ൽ പറഞ്ഞത്, 'യേശുവിനെ കർത്താവെന്ന് സൂചിപ്പിക്കുന്ന ഒരു തെളിവും ചാൾസ് മൂന്നാമന്റെ പരസ്യ പ്രസ്താവനകളിൽ കാണാൻ സാധിക്കില്ലെന്നാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ ഏക രക്ഷാമാർഗ്ഗം എന്ന ഉപദേശം അദ്ദേഹത്തെ അസ്വസ്ഥനാക്കാറുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 'ഇസ്ലാമിന്റെയും ഗ്രീക്ക് ഓർത്തഡോക്സ് വിശ്വാസത്തിന്റെയും ആത്മീയതയിൽ അദ്ദേഹം ആകൃഷ്ടനാണ്,' എന്ന് ചാൾസ് മൂന്നാമനെ നിരീക്ഷിച്ച അദ്ദേഹം വിശ്വസിക്കുന്നു.'*

*കാലാവസ്ഥാ വ്യതിയാനം അസന്തുലിതമായ അളവിൽ ആണെന്ന് (അന്ത്യബിന്ദു) കാലാവസ്ഥാ വ്യതിയാന വാദക്കാർ ദശകങ്ങളായി വാദിച്ചുകൊണ്ടിരിക്കുകയാണ്. 2001-നു ശേഷം, കുറഞ്ഞത് എഴു വ്യത്യസ്ത കാലാവസ്ഥാ സമ്മേളനങ്ങൾ ആഗോളതാപനം തടയാനുള്ള അവസാനത്തെ അവസരമാണെന്ന് അവകാശപ്പെട്ടുകൊണ്ട് സംഘടിപ്പിച്ചു. അതെല്ലാം തെറ്റായിരുന്നു എന്ന് തെളിയിക്കപ്പെട്ടു.*

*ഫിലിപ്പ് സ്റ്റോട്ട്, സ്കൂൾ ഓഫ് ഓറിയന്റൽ ആൻഡ് ആഫ്രിക്കൻ സ്റ്റഡീസ്, ലണ്ടൻ സർവ്വകലാശാലയിലെ ഔദ്യോഗിക വിരമനത്തിനുശേഷവും പൂർവ്വപദവി ബഹുമതിയായി ലഭിച്ച പ്രൊഫസർ ആണ്. അദ്ദേഹം ജേർണൽ ഓഫ് ബയോഗ്രഫിയുടെ മുൻ എഡിറ്ററായിരുന്നു. പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റിയും ശാസ്ത്രത്തെപ്പറ്റിയും ബ്രിട്ടീഷ് മാധ്യമങ്ങളിൽ വരുന്ന ഉള്ളടക്കം നിരീക്ഷിക്കാൻ 'EnviroSpin Watch' എന്ന ബ്ലോഗ് സൈറ്റ് ഫിലിപ്പ് സ്റ്റോട്ട് പ്രസിദ്ധീകരിക്കുന്നു. 2011 - ൽ സ്റ്റോട്ട് അന്ത്യബിന്ദുവെന്ന (tipping point) പ്രതിഭാസത്തെ അദ്ദേഹം സംഗ്രഹിച്ചു: സാരാംശത്തിൽ, ഭൂമി അടുത്ത പത്തു വർഷത്തേക്കു മാത്രമേ നിലനിൽക്കുകയുള്ളൂ എന്ന് കഴിഞ്ഞ 50 വർഷമായി സ്ഥിരമായി മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയാണ്. നാം പരമ്പരയായി നശിപ്പിക്കപ്പെട്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ നമ്മുടെ കാലഘട്ട പരിഭ്രമത്തെ നേരത്തെയല്ലെങ്കിൽ, 1960-കളുടെ അവസാനത്തിൽ കണ്ടെത്താനാകും.'*

*സമയം അനുവദിച്ചതുകൊണ്ട് ചാൾസ് മൂന്നാമൻ അതിനുശേഷം, കാലാവസ്ഥാ വ്യതിയാനത്തിന്റെ വിനാശകരമായ ഫലങ്ങൾ വിശദീകരിച്ചു. എല്ലാവരെയും കർമ്മത്തിലേക്ക് ഭയപ്പെടുത്തി തള്ളിവിട്ടിട്ട്, ചാൾസ് മൂന്നാമൻ തന്റെ പരിഹാരം വെളിപ്പെടുത്തി.*

*കാലവസ്ഥാ പ്രവർത്തനങ്ങൾക്കു വേണ്ടി തങ്ങളുടേതായ പങ്കു നിർവഹിക്കാൻ പൊതു- സ്വകാര്യ, ജീവകാരുണ്യ, സർക്കാരിതര സംഘടനകളെ ഒരുമിച്ചുകൊണ്ടു വരണമെന്നാണ് അദ്ദേഹത്തിന്റെ പദ്ധതി. കാരണം പൊതു സമ്പത്ത് ഒരിക്കലും അതിനു വേണ്ടി മതിയാകില്ല. അങ്ങനെ ചെയ്താൽ, അദ്ദേഹം പറഞ്ഞു, 'നമുക്കാവശ്യമായ മാറ്റത്തിലേക്ക് നയിക്കാൻ, ഒരുവർഷം നാലര ശതകോടികണക്കിന് ഡോളർ സംഘടിപ്പിക്കാൻ കഴിയും.' 'അങ്ങനെ ചെയ്യുന്നതിലൂടെ, നമുക്കാവശ്യമായ മാറ്റം കൈവരിക്കാൻ, ആവശ്യമുള്ള ലക്ഷം കോടി ഡോളർ, ഒരു വർഷം നാലര മുതൽ അഞ്ചുലക്ഷം കോടി ഡോളർവരെ എന്ന കണക്കിൽ, സമാഹരിക്കാൻ കഴിയും' എന്ന് ചാൾസ് മൂന്നാമൻ പറഞ്ഞു.*

*കൃത്രിമ സൃഷ്ടിയായ കാലാവസ്ഥാ വ്യതിയാന പ്രതിസന്ധിയെ നേരിടാൻ ചാൾസ് മൂന്നാമൻ ഇത്രയും ഭീമമായ ഒരു തുക ആവശ്യപ്പെടുന്നു. ചാൾസ്*

*മൂന്നാമൻ പറയുന്ന 'മാറ്റവും' സുസ്ഥിരമായ ഭാവിയും 'നമുക്ക് ഒന്നുമില്ലാത്ത അവസ്ഥയും', 'അവർക്ക് എല്ലാം ഉണ്ടായിരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷവും സൃഷ്ടിക്കുന്ന ഒന്നാണെന്ന് അതിനുശേഷം വ്യക്തമാകും.'*

അന്ത്യകാലത്ത്, യേശു മടങ്ങിവരുന്നതിനു മുൻപ്, ഭൂമിയിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ബൈബിൾ സൂചിപ്പിക്കുന്നു കൊടിയ ചൂട് ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങൾ അതിനു കാരണമാണ്.

***'സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും'*** (ലൂക്കൊ. 21:25-26).

***ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം കലർന്ന കന്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി. രണ്ടാമത്തെ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്ക് എറിഞ്ഞിട്ടു കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു. സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോയി; കപ്പലുകളിലും മൂന്നിലൊന്ന് ചേതം വന്നു*** (വെളി. 8:7-9).

***'നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു; അപ്പോൾ തീകൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന് അധികാരം ലഭിച്ചു'*** (വെളി. 16:8).

ഈ സംഭവങ്ങൾ ഈ യുഗത്തിന്റെ അവസാനത്തിൽ ഉണ്ടാകാൻ പോകുന്ന പ്രപഞ്ച സംബന്ധിയായ കോളിളക്കങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂമിയിലേക്ക് ക്രിസ്തു മടങ്ങിവരുന്നതിന് മുൻപ്, ദൈവത്തിന്റെ ന്യായവിധി എതിർ ക്രിസ്തുവിന്റെ ലോക സംവിധാനത്തിനുമേൽ വീഴുമ്പോൾ ഇവ സംഭവിക്കും. ഈ സംഭവങ്ങൾ സൃഷ്ടിക്കാനോ, സംഭവിക്കാതിരിക്കുന്നതിൽ നിന്ന് അവയെ തടയാനോ മനുഷ്യർക്ക് ഒരു ശക്തിയുമില്ല. അവസാനമായി, ഇപ്പോഴത്തെ ആകാശവും ഭൂമിയും കത്തിയഴിയുമ്പോൾ, ആത്യന്തികമായ ആഗോളതാപനം സംഭവിക്കും. അതിനുശേഷം, ദൈവം പുതിയതായി ഒന്നു സൃഷ്ടിക്കും.

***കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെവരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂല പദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂല പദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ടു നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു*** (2 പത്രൊ. 3:10-13).*

# വിശ്വാസമുള്ള ജനതയ്ക്കു മേൽ ആക്രമണം



**ക്രിസ്തു മാർഗ്ഗം ലോകത്തിൽ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെ** Sp¶ aX anW˘. ക്രിസ്തീയ വിശ്വാസത്തിനെതിരെ എല്ലാ രീതിയിലുമുള്ള കഠിനമായ ആക്രമണം വരുന്നത് മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ നിന്നും, ചൈന, വടക്കൻ കൊറിയപോലുള്ള കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിന്നുമാണ്. ലോകത്താകമാനമുള്ള ക്രൈസ്തവ പീഡനം നിരീക്ഷിക്കുന്ന 'തുറന്ന വാതിൽ' എന്ന ക്രിസ്തീയ സംഘടനയുടെ അഭിപ്രായപ്രകാരം, ഏകദേശം 360 ദശലക്ഷം ക്രൈസ്തവർ, പീഡനം പ്രബലമായ രാജ്യങ്ങളിൽ ജീവിക്കുന്നു. ഇവിടങ്ങളിൽ, അവരുടെ വിശ്വാസംമൂലം അവർ കൊല്ലപ്പെടുകയോ, തടവിലാവുകയോ, അവരെ തട്ടിക്കൊണ്ടുപോവുകയോ ചെയ്യാം. അവരുടെ കെട്ടിടങ്ങളും ആരാധനാമന്ദിരങ്ങളും നശിപ്പിക്കപ്പെടുന്നു.

കൊടിയ ക്രൈസ്തവ പീഡനവും അടിച്ചമർത്തലും ലോകത്തിന്റെ ഏറെ പ്രദേശങ്ങളിൽ നിലനിൽക്കുന്നു. അത് കൂടുതൽ കഠിനമാവുന്നു. അതുകൂടാതെ, 'ക്രൈസ്തവം' എന്ന് അറിയപ്പെടുന്ന രാജ്യങ്ങളിൽ വളർന്നു വരുന്ന ക്രൈസ്തവ വിരുദ്ധ പ്രസ്ഥാനങ്ങളെയും നാം കാണുന്നു. മാത്രമല്ല, ഇവിടെയൊക്കെ ക്രൈസ്തവ സഭയുടെ പ്രധാനപ്പെട്ട വിഭാഗങ്ങൾ ക്രിസ്തീയ പ്രമാണങ്ങൾ ഉപേക്ഷിക്കുന്നു. ചില പ്രസക്തമായ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

**യൂറോപ്പിൽ ക്രൈസ്തവ വിരുദ്ധ വിദ്വേഷ കുറ്റങ്ങൾ വർദ്ധിക്കുന്നു.** മതപരമായ പ്രചോദനം ഉൾക്കൊണ്ടു കൊണ്ട് യൂറോപ്പിൽ ക്രൈസ്തവർക്കെതിരായ വിദ്വേഷ കുറ്റം ഒരു വർഷത്തിനുള്ളിൽ 44% വർദ്ധിച്ചു എന്ന് ക്രൈസ്തവ പീഡനം നിരീക്ഷിക്കുന്ന ഒരു പ്രമുഖ സംഘടനയുടെ ഗൗരവമേറിയ ഒരു വാർത്താ സന്ദേശം വെളിപ്പെടുത്തുന്നു. 'യൂറോപ്പിലെ ക്രിസ്ത്യാനികൾക്ക് എതിരെയുള്ള വിവേചനവും, അസഹിഷ്ണുതയും' ഈ സംഘടന നമ്മെ അറിയിക്കുന്നു. ക്രൈസ്തവർക്കെതിരെയുള്ള അക്രമസംഭവങ്ങളും സാമൂഹിക വിദ്വേഷവും കുത്തനെ വർദ്ധിച്ചെന്ന് അതിൽ രേഖപ്പെടുത്തുന്നു. അതുപോലെ, ക്രിസ്തീയ ദേവാലയങ്ങൾക്ക് നേരെയുള്ള ആക്രമണവും തീവെയ്പ്പും വർദ്ധിക്കുന്നു.

നിരവധി യൂറോപ്യൻ രാജ്യങ്ങളിൽ ക്രൈസ്തവരുടെ മത സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നിയമ നിർമ്മാണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്ന് ഈ റിപ്പോർട്ട് അടിവരയിട്ടു പറയുന്നു. വിദ്വേഷ പ്രസംഗത്തെ നിയന്ത്രിക്കുന്ന ഒരു നിയമവും അതിൽ ഉൾപ്പെടുന്നു. ഈ പുതിയ നിയമ പ്രകാരം, മുഖ്യധാരാ ക്രിസ്തീയ വിശ്വാസങ്ങൾ പരസ്യമായി പ്രഖ്യാപിച്ചതിന് ചില ക്രൈസ്തവരെ കോടതി കയറ്റി. ക്രൈസ്തവ വിരുദ്ധ ലക്ഷ്യങ്ങൾ പിൻതുടരുന്ന പ്രത്യയശാസ്ത്ര, രാഷ്ട്രീയ, മത സംഘടനകളിലെ തീവ്രനിലപാടുകാരായ അംഗങ്ങൾ ക്രൈസ്തവർക്ക് എതിരെ നടക്കുന്ന വർദ്ധിച്ചു വരുന്ന വിദ്വേഷ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നത് ഇപ്പോൾ കണ്ടുവരുന്ന പ്രവണതയാണ്.

ക്രൈസ്തവരുടെ അഭിപ്രായ സ്വാതന്ത്ര്യം ഹനിക്കുന്ന ആശങ്കാജനകമായ സംഭ

വങ്ങളിൽ, ക്രൈസ്തവർ പരസ്യമായി പ്രസംഗിക്കുന്നതും അല്ലെങ്കിൽ പ്രാർത്ഥിക്കുന്നതും നിയമനടപടി വിളിച്ചു വരുത്തുന്നതും ഉൾപ്പെടുന്നു. തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിലും ക്രിസ്തീയ മാതാപിതാക്കളുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നു. അതനുസരിച്ച്, സ്വവർഗ്ഗ പ്രേമ, ഭിന്നലിംഗ വിഷയങ്ങളിൽ എതിരഭിപ്രായം പ്രകടിപ്പിക്കുന്ന മാതാപിതാക്കൾ നിയമ നടപടി നേരിടേണ്ടിവരുന്നു. അല്ലെങ്കിൽ നിയമാനുസൃത ലൈംഗികതയും ലിംഗ സ്വത്വവും തമ്മിലുള്ള പൊരുത്തക്കേട് കാരണം കാര്യമായ അസംതൃപ്തി അനുഭവിക്കുന്ന തങ്ങളുടെ കുട്ടികളെ ഹോർമോൺ തെറാപ്പിയിലൂടെ ലിംഗ മാറ്റം ചെയ്യാനുള്ള ചികിത്സയിലൂടെ കടന്നുപോകുന്നതിൽ നിന്ന് മാതാപിതാക്കൾ നിരുത്സാഹപ്പെടുത്തിയാൽ അതും നിയമനടപടി വിളിച്ചുവരുത്തുന്നു.

ക്രിസ്തീയ വിരുദ്ധ ആക്രമണങ്ങളുടെ പ്രധാനപ്പെട്ട ഉറവിടങ്ങളിൽ ഒന്ന് തീവ്ര നിലപാടുള്ള രാഷ്ട്രീയ സംഘടനകളിലെ അക്രമാസക്തരായ അംഗങ്ങളാണ്. ഇങ്ങനെയുള്ള മിക്ക സംഭവങ്ങളും വരുന്നത് തീവ്ര ഇടതുപക്ഷ രാഷ്ട്രീയ സംഘടനകൾ, തീവ്ര നിലപാടുകരായ സ്വവർഗ്ഗാനുരാഗ സമത്വ സംഘങ്ങൾ, എന്നിവരിൽ നിന്നാണ്. അതേസമയം, തീവ്ര വലുതുപക്ഷ സംഘങ്ങളിൽനിന്നുള്ള കടുത്ത നിലപാടുള്ള വ്യക്തികൾ, സാത്താൻ സംഘങ്ങൾ, ഇസ്ലാമിക തീവ്രവാദി സംഘടനകൾ, തുടങ്ങിയവർ നടത്തിയ ക്രൈസ്തവ വിരുദ്ധ അക്രമണങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

പശ്ചിമ യൂറോപ്പിൽ ആകമാനം സഭാ കെട്ടിടങ്ങൾ ആക്രമിക്കപ്പെടുന്നു. ഓസ്ട്രിയ, ജർമ്മനി, ഇറ്റലി, സ്വീഡൻ തുടങ്ങിയ രാജ്യങ്ങളിൽ അടുത്തിടെ അതുപോലുള്ള സംഭവങ്ങൾ ഉണ്ടായി.

എന്നാൽ, ഫ്രാൻസിലെ സഭകൾ നേരിടുന്നതുപോലെ ആക്രമണങ്ങൾ മറ്റൊരു പാശ്ചാത്യ രാജ്യത്തിലും നടന്നിട്ടുണ്ടാവുമെന്ന് തോന്നുന്നില്ല. അന്വേഷണാത്മക പത്രപ്രവർത്തകൻ അമിമെക്, 2023 ജൂലൈ ഒന്നിന് റിപ്പോർട്ട് ചെയ്തു, 'സഭകൾക്കു നേരെയുള്ള ആക്രമണം ഫ്രാൻസിൽ സാധാരണമാണ്; ഓരോ ദിവസവും രണ്ടു സഭകൾ വീതം ആക്രമിക്കപ്പെടുന്നു - അവ അഗ്നിക്കിരയാവുകയോ, ഇടിച്ചുനിരത്തുകയോ, ഉപേക്ഷിക്കുകയോ ചെയ്യുന്നു. അവയുടെ അനുയായികൾ രാഷ്ട്രീയ കൃത്യതയുടെ അൾത്താരയിൽ ബലി കഴിക്കപ്പെടുന്നു.' 2023 ജൂലൈ മാസത്തിൽ ഫ്രാൻസിലെ നിരവധി സഭകൾ ആക്രമിക്കുകയും അശുദ്ധമാക്കുകയും ചെയ്തു. ഒരു സഭയുടെ വാതിലുകളും ജനലുകളും തകർക്കുകയും ഭിത്തികളിൽ യേശു വിരുദ്ധ, തീവ്രവാദ അനുകൂല മുദ്രാവാക്യങ്ങൾ എഴുതിവെയ്ക്കുകയും ചെയ്തു. മറ്റൊരു സംഭവത്തിൽ അക്രമികൾ ഇടവകയിലെ പുരോഹിതനെ, 'വൃത്തികെട്ട ക്രിസ്ത്യാനി' എന്നു വിളിച്ചുകൊണ്ടും മറ്റു 'ക്രൈസ്തവ വിരുദ്ധ അശ്ലീലങ്ങൾ' വിളിച്ചുകൊണ്ടും അതിക്രൂരമായി മർദ്ദിച്ചു.

## പാശ്ചാത്യ രാജ്യങ്ങളിൽ വർഗ്ഗീയ ആക്രമണം

അടുത്തിടെ പുറത്തുവന്ന ഒരു വീഡിയോയിൽ ഇറ്റലിയിൽ ക്രിസ്തു വിരുദ്ധരുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെപ്പറ്റി വിപുലമായ ഒരു അന്വേഷണാത്മക വാർത്ത കണ്ടു.

അതേസമയം, ഗാസ യുദ്ധം തുടങ്ങിയതിനുശേഷം, യിസ്രായേലിനോടുള്ള എതിർപ്പ്, പാശ്ചാത്യ ലോകത്ത് മൗലികവാദം പരക്കാൻ അവസരമുണ്ടാക്കിയെന്ന് തെളിയുന്നു. ടിക്ടോക്, ബിൻലാദന്റെ കുപ്രസിദ്ധമായ 'അമേരിക്കയ്ക്കുള്ള കത്ത്' പുനഃപ്രസിദ്ധീകരിച്ചു. താൻ എന്തുകൊണ്ട് 9/11 ൽ

അമേരിക്ക ആക്രമിച്ചുവെന്ന് അയാൾ അതിൽ വിശദീകരിക്കുന്നു. ഈ കത്തിൽ യിസ്രായേലിനോടും യെഹൂദരോടുമുള്ള അക്രമാസക്തമായ വെറുപ്പ് നിറയുന്നു. യിസ്രായേലിനും പാശ്ചാത്യ ലോകത്തിനും എതിരെയുള്ള തീവ്രവാദത്തെയും അമേരിക്കൻ സമൂഹത്തെ ശിക്ഷിക്കുന്നതിനെയും അതിൽ ന്യായീകരിക്കുന്നു. ഇസ്ലാമിക നിയമത്തിൽ അധിഷ്ഠിതമായ ഒരു ലോകത്തെപ്പറ്റിയുള്ള ബിൻലാദന്റെ ദർശനത്തോടെ അത് അവസാനിക്കുന്നു.

ആ കത്ത് പിൻവലിച്ചു, കാരണം അത് തീവ്രവാദത്തെ പ്രോത്സാഹിപ്പിച്ചു. എന്നാൽ ഒരു ദശലക്ഷം പേർ കണ്ടതിനും പ്രധാനമായും 100,000-ൽ അധികം അമേരിക്കൻ യുവജനങ്ങളിൽ നിന്നും അംഗീകാരം ലഭിച്ചതിനും ശേഷമാണ് അത് നീക്കം ചെയ്തത്. ചില യുവജനങ്ങൾ പറയുന്നത് അത് വായിച്ചത് അവരുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയെന്നാണ്. പാശ്ചാത്യ ലോകത്തോടുള്ള തീവ്രവാദ യുദ്ധത്തെ അവർ പിന്തുണയ്ക്കുന്നു.. 'അമേരിക്കയ്ക്കുള്ള കത്തിൽ', ബിൻലാദൻ, തന്റെ വിശ്വാസത്തെ, മറ്റുള്ളവരോട് ദയ കാണിക്കുന്ന അവർക്കിടയിൽ ന്യായം സ്ഥാപിക്കുന്ന, അവരുടെ അവകാശങ്ങൾ അനുവദിക്കുന്ന, അടിച്ചമർത്തപ്പെട്ടവരെയും പീഡിതരെയും സംരക്ഷിക്കുന്ന മതമായി ചിത്രീകരിക്കുന്നു.'

സാമൂഹിക മാധ്യമങ്ങളിൽ സ്വാധീനമുള്ളവർ യുവജനങ്ങളെ ലക്ഷ്യമിട്ട് പുതിയ നിയമത്തിലെ യേശുവിനെ തിരസ്കരിക്കുവാൻ പ്രേരിപ്പിക്കുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നു. ക്രൈസ്തവരുമായുള്ള ആശയവിനിമയത്തിൽ വഞ്ചനയുടെ തന്ത്രം ഉപയോഗിക്കുന്നു. ബൈബിളിൽ വായിക്കുന്ന ക്രിസ്തു അല്ല യഥാർത്ഥ ദൈവം എന്ന തെറ്റിദ്ധാരണ സൃഷ്ടിക്കലാണ് അതിന്റെ ലക്ഷ്യം. അതിനുശേഷം, ഖുർആൻ യേശുവിനെ കൂടുതൽ ആധികാരികമായി ചിത്രീകരിക്കുന്നുവെന്ന് അവകാശപ്പെടുന്നു.

എന്നാൽ, ക്രിസ്തീയ വിരുദ്ധർ യഥാർത്ഥത്തിൽ അടിസ്ഥാന ക്രിസ്തീയ വിശ്വാസങ്ങൾ നിരാകരിക്കുകയും ചെയ്യുന്നു. "മറ്റൊരുത്തനിലും രക്ഷയില്ല രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ. 4:12 ). ബൈബിളിലെ യേശുവിനെയോ, ക്രിസ്തീയ വിശ്വാസത്തെയോ, അല്ലെങ്കിൽ അതിന്റെ അനുയായികളെയോ മറ്റു മതങ്ങൾ ആദരിക്കുന്നില്ല; പ്രത്യേകിച്ച് യേശുവിന്റെ കുരിശ് മരണവും ഉയിർത്തെഴുന്നേൽപ്പും നിരസിക്കുന്നു. അതിനുപകരമായി, യേശുവിനെ കുരിശിൽ തറയ്ക്കാൻ പറ്റാത്തത്ര വിശുദ്ധനായിരുന്നു അതുകൊണ്ട്, അവൻ നേരിട്ട് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയാണെന്ന് ബദൽ വ്യാഖ്യാനം അതു നൽകുന്നു. എന്നാൽ യാഥാർത്ഥ്യം എന്തെന്നു വിശദീകരിക്കുന്ന ഒരു പുസ്തകം ടോണി പിയേഴ്സ് ഇംഗ്ലീഷിൽ എഴുതിയിട്ടുണ്ട്. അതു വായിക്കുന്നതു നന്നായിരിക്കും.




യേശു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റുവെന്ന സുവിശേഷ

സന്ദേശത്തിന്റെ ഹൃദയത്തെതന്നെ ഈ ഉപദേശം തകർക്കുന്നു.

യൂറോപ്പിലെയും അമേരിക്കയിലെയും ജനങ്ങളെ ഈ സന്ദേശത്തിലൂടെ ലക്ഷ്യമിടുന്നു. ഗാസ യുദ്ധത്തെച്ചൊല്ലിയുള്ള യിസ്രായേൽ വിരുദ്ധ പ്രസ്ഥാനത്തിലൂടെ യുവജനങ്ങളെ തീവ്രവാദ പ്രസ്ഥാനത്തിലേക്ക് ചേർക്കുന്നു. ഇതിന്റെ ഒരു വക്താവ്, സമൂഹ മാധ്യമത്തിൽ ഇങ്ങനെ എഴുതി : 'മോശെ യെഹൂദനല്ലായിരുന്നു. മറ്റൊരു മതക്കാരനായിരുന്നു. യേശു ഒരു യെഹൂദനല്ലായിരുന്നു. മറ്റൊരു മതത്തിൽപ്പെട്ട ആളായിരുന്നു. അബ്രഹാമിന് യെഹൂദൻ ആവാൻ കഴിയുമായിരുന്നില്ല.

യേശു ക്രിസ്തു ലോകത്തിന്റെ രക്ഷകനായി ഭൂമിയിലേക്ക് അവതരിച്ച ദൈവം അത്രേ . അതിനു പുറമേയുള്ള ഉപദേശങ്ങൾ ശക്തമായ വഞ്ചനയായി വെളിപ്പെടും. യേശു അധികാരത്തിലും മഹത്വത്തിലും മടങ്ങി വന്ന് എതിർ ക്രിസ്തുവിന്റെ സൈന്യത്തെ പരാജയപ്പെടുത്തി തന്റെ യഥാർത്ഥ മശിഹാ രാജ്യം യെരൂശലേമിൽ സ്ഥാപിക്കും. എന്നാൽ, അതിനിടയിൽ, നിരവധി ആളുകൾ എതിർക്രിസ്തുവിനാൽ വഞ്ചിക്കപ്പെടും.

## വ്യവസ്ഥാപിത സഭ ആശയക്കുഴപ്പത്തിലാണ്.

ഇതിനോടുള്ള വ്യവസ്ഥാപിത സഭയുടെ നേതാക്കന്മാരുടെ പരിതാപകരമായ പ്രതികരണം അടിസ്ഥാനപരമായി, അതിനെ ആക്രമിക്കുന്ന ക്രൈസ്തവവിരുദ്ധ ശക്തികളോടുള്ള കീഴടങ്ങലാണ്. അതിനാൽ, ഈ സഭകളുടെ ഉള്ളിൽനിന്നുതന്നെ അടിത്തറ തോണ്ടിയിരിക്കുന്നു. ലോകത്ത് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന പ്രതിസന്ധിയുടെ ഒരേയൊരു ഉത്തരം സുവിശേഷ സത്യമാണെന്ന് ഉറപ്പിച്ചു പറയേണ്ട ഈ സമയത്ത് സഭ ഭിന്നിപ്പിലും തകർച്ചയിലുമാണ്. കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വെൽബി ക്രൈസ്തവരോട് പറഞ്ഞത്, ആരും ആവശ്യപ്പെടാതെ തങ്ങളുടെ വിശ്വാസത്തെപ്പറ്റി സംസാരിക്കരുതെന്നാണ്. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കണമെന്ന യേശുവിന്റെ കല്പനയിൽ നിന്ന് വളരെ വ്യത്യസ്തമാണിത് (മത്തായി 28:18-20).

മലിനാവസ്ഥയിൽ എത്തിയ ചർച്ച് ഓഫ് സ്വീഡന്റെ ഇടതുപക്ഷ, വനിതാ ബിഷപ്പായ ആന്റ് ജാക്കലന്റെ വിശ്വസ്തനായ സെക്രട്ടറിയും ദൈവശാസ്ത്രജ്ഞനുമായ ജേക്കബ് വൈറൻ എഴുതിയ പുതിയ പുസ്തകത്തിൽ, ബൈബിളിനു പുറത്തുള്ള പ്രവാചകരെയും സഭ അംഗീകരിക്കണമെന്ന് അവശ്യപ്പെടുന്നു. യേശുവിനു ശേഷവും പ്രവാചകന്മാർ വരുന്നതിനെ പുതിയ നിയമം അനുവദിക്കുന്നതുകൊണ്ട് ക്രൈസ്തവർ അതും അംഗീകരിക്കണമെന്നത്രേ എന്ന് അതിൽ പറയുന്നു. യഥാർത്ഥത്തിൽ, പുതിയ നിയമം വെളിപ്പെടുത്തുന്നത് അത് ദൈവത്തിന്റെ അവസാനത്തെ വെളിപ്പാടാണെന്നാണ്. അതിനോട് കൂട്ടുന്നവൻ ശപിക്കപ്പെട്ടവനാണ് (വെളി. 22:18-19). യേശുക്രിസ്തു കുരിശിൽ മരിച്ചിട്ടില്ലെന്നും, താൻ ദൈവ പുത്രൻ അല്ലെന്നും അല്ലെങ്കിൽ ദൈവത്തോടൊപ്പം ഉള്ളവൻ അല്ലെന്നും പ്രഖ്യാപിക്കുന്നത് 1 യോഹ. 2:22-23 വരെയുള്ള വാക്യങ്ങളിൽ പറയുന്ന പ്രകാരം അത് 'എതിർ ക്രിസ്തുവിന്റെ' വിഭാഗത്തിൽപ്പെടുന്നു. ഈ വിശ്വാസ ത്യാഗത്തിൽ ജേക്കബ് വൈറൻ മാത്രമല്ല ഉള്ളത്. നിരവധി സഭാ നേതാക്കന്മാർ ക്രൈസ്തവ വിശ്വാസത്തെ മറ്റു മതങ്ങളുമായി ഒന്നിപ്പിക്കാൻ നോക്കുന്നു.

ആംഗ്ലിക്കൻ സഭ സ്വവർഗ്ഗ പ്രേമത്തിന്റെയും സ്വവർഗ്ഗ വിവാഹത്തിന്റെയും കാര്യത്തിൽ പിളർപ്പിന്റെ വക്കിലാണ്. ബിഷപ്പുമാർ സ്വവർഗ്ഗ വിവാഹത്തെ ആശീർവദിക്കുന്നതിനെ പ്രോത്സാഹി

പ്പിക്കുന്ന നിർദ്ദേശം അംഗീകരിക്കുന്ന തീരുമാനം 2023 നവംബർ 16-ന് എടുത്തത് അതിന്റെ ആഴം കൂട്ടി. അതുപോലെ ഉള്ളവർക്ക്വേണ്ടി പരീക്ഷണാർത്ഥം പ്രത്യേക കൂദാശകൾ സംഘടിപ്പിക്കാനുള്ള നിയമ പരിഷ്ക്കാരത്തെ മെത്രാൻ സമിതി വോട്ടെടുപ്പിലൂടെ അധികമായി അംഗീകരിച്ചു. രണ്ടാഴ്ചകൾക്കു മുമ്പ് ഫ്രാൻസിസ് മാർപാപ്പായും സ്വവർഗ്ഗ വിവാഹത്തെ ആശിർവദിക്കുവാൻ അനുവദിച്ചുകൊണ്ട് കല്പന പുറപ്പെടുവിച്ചു.

വിവാഹ ബന്ധത്തിലൂടെ ഭാര്യയും ഭർത്താവുമായ ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ലൈംഗിക ബന്ധത്തിനുമാത്രമേ അത് അംഗീകാരം നൽകുന്നുവെന്ന തിരുവെഴുത്തിലെ ഉറപ്പ് വ്യക്തവും അസന്ദിഗ്ധവുമാണ്. വിവാഹത്തിനു പുറത്തുള്ള എല്ലാ ലൈംഗിക ബന്ധങ്ങളും അധാർമ്മികമായി പരിഗണിച്ചിരുന്നു. അതുപോലുള്ള പാപങ്ങളിൽനിന്ന് ദൈവത്തിന്റെ ജനം മാനസാന്തരപ്പെടണമെന്ന് സ്ഥിരമായി ആവശ്യപ്പെടുന്നു. 1 കൊരി. 6:9-10 വരെ അപ്പൊസ്തലനായ പൗലൊസ്, ഗൗരവപരമായ ഈ അധാർമ്മിക വിഷയത്തിൽ 'വഞ്ചിക്കപ്പെടരുതെന്ന്' നമ്മോട് പറയുന്നു. അതിൽനിന്നു മാനസാന്തരപ്പെടാത്തവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു മുന്നറിയിപ്പ് നൽകുന്നു. അവൻ പ്രത്യേകമായി പേരെടുത്തു പറഞ്ഞ ഒരു സ്വഭാവമാണ് സ്വവർഗ്ഗരതി. പുതിയ നിയമത്തിൽ മറ്റു ഭാഗങ്ങളിലും പ്രത്യേകിച്ച് സഭയ്ക്കുള്ളിൽ ലൈംഗിക അസാന്മാർഗ്ഗികത പ്രോത്സാഹിപ്പിക്കുന്ന വ്യാജ ഉപദേഷ്ടാക്കന്മാർക്കെതിരെ മുന്നറിയിപ്പുണ്ട് (2 പത്രൊ. 2:1-3, യൂദാ 3-4, വെളി. 2:19-24). അവരുടെ വാക്ക് ചെവിക്കൊള്ളരുതെന്ന് അല്ലെങ്കിൽ അനുസരിക്കരുതെന്ന് അത് നമുക്ക് മുന്നറിയിപ്പ് തരുന്നു.

തിരുവെഴുത്തുകളോട് തങ്ങൾ വിയോജിക്കുന്നുവെന്ന് ആംഗ്ലിക്കൻ സഭ ഈ ആഴ്ച വ്യക്തമാക്കി. മാനസാന്തരപ്പെടാൻ ബൈബിൾ ആവശ്യപ്പെടുന്നതിനെ അംഗീകരിക്കുവാൻ അവർ തീരുമാനിച്ചു. അതുമാത്രമല്ല, പുരോഹിതരും വിശ്വാസികളും ഉൾപ്പെട്ട വോട്ടെടുപ്പിൽ വളരെ ചെറിയ ഭൂരിപക്ഷത്തിനാണ് ഈ പരിഷ്ക്കാരങ്ങൾ പാസ്സാക്കിയതെങ്കിലും, ബിഷപ്പുമാർ ഭൂരിപക്ഷംപേരും അതിന് അനുകൂലമായി വോട്ടു ചെയ്തു. ഇത് ആംഗ്ലിക്കൻ സഭക്കാരെ സംബന്ധിച്ച് ദുരന്തമാണ്. കാരണം, എഴുതപ്പെട്ട ദൈവവചനത്തിന് വിരുദ്ധമായ ചടങ്ങുകളെ അംഗീകരിച്ചതിലൂടെ അതിന്റെ തന്നെ 39 വിശ്വാസപ്രമാണങ്ങളെ അത് നിരാകരിച്ചു (വിശ്വാസ പ്രമാണം 20, 34). മിക്ക ബിഷപ്പുമാരും അവരുടെ സ്ഥാനാരോഹണ സമയത്ത് എടുത്ത, ദൈവത്തിന്റെ വചനത്തിന് വിരുദ്ധമായ തെറ്റായതും അസാധാരണവുമായ എല്ലാ ഉപദേശങ്ങളെയും തൂത്തെറിയുമെന്ന പ്രതിജ്ഞ അവർ ലംഘിച്ചു.

ആംഗ്ലിക്കൻ സഭയുടെ ഈ ആഴ്ചയിലെ പ്രവൃത്തികൾ ഓർത്ത് നാം വിലപിക്കുന്നു. പ്രാർത്ഥിക്കാനും അതിനുള്ളിൽ ഉള്ളവർ തുടർന്നും ദൈവവചനത്തിന്റെ അപ്രമാദിത്വം ഉയർത്തിപ്പിടിക്കാനും വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനും (യൂദാ 3) അവരെ പിന്തുണയ്ക്കാനും ഞങ്ങൾ ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു. ഏതാണ്ട് 50 പുരോഹിത അൽമായ പ്രതിനിധികളും സിനഡിൽ ഈ പരിഷ്ക്കാരങ്ങൾക്കെതിരെ വോട്ടു ചെയ്തു. അവരോടൊപ്പം, ഇംഗ്ലണ്ടിലെ നിരവധി ആംഗ്ലിക്കൻ വിശ്വാസികൾ ഇപ്പോൾ ഈ സംഭവ വികാസങ്ങൾ മൂലം ദുഃഖവും വേദനയും അനുഭവിക്കുകയാണെന്നതിൽ ഞങ്ങൾക്ക് ഒരു സംശയവും ഇല്ല. ഞങ്ങളും അവരോടൊപ്പം ദുഃഖിക്കുന്നു. ഇംഗ്ലണ്ടിൽ ആകമാനം ദൈവവചന പ്രകാരം വിശ്വസ്

തരായ ആംഗ്ലിക്കൻ സഭക്കാരുടെ ശുശ്രൂഷയെ പ്രത്യേകിച്ച്, യൂറോപ്പിലെ ആംഗ്ലിക്കൻ ശൃംഖലയുടെ വിശ്വസ്തമായ ശുശ്രൂഷയെയും ദൗത്യത്തെയും ഞങ്ങൾ പിന്തുണയ്ക്കുന്നു.

'പാതാള ഗോപുരങ്ങൾ സഭയെ ജയിക്കയില്ല' എന്ന് യേശു ക്രിസ്തു നമ്മോട് വാഗ്ദത്തം ചെയ്തിരിക്കുന്നു (മത്താ. 16:18). ഇന്ന് നാം ആ വാഗ്ദത്തം ഓർക്കുന്നു. നാം ദുഃഖിക്കുന്നു എങ്കിലും, ക്രിസ്തു, സഭയുടെ തലയും ചരിത്രത്തിന്റെ കർത്താവുമാണെന്ന വസ്തുതയിൽ നാം സന്തോഷിക്കുന്നു. അവിടുത്തെ വചനവും രാജ്യവും നിലനിൽക്കും.



## റഷ്യയുടെ യുദ്ധ ശ്രമങ്ങൾക്ക്, യേശു സൈന്യത്തിൽ ആളെ ചേർക്കുന്ന പട്ടാളക്കാരൻ

എലൈന ഗോൾഡ്, ക്രോറ വെബ്സൈറ്റിൽ എഴുതിയപ്പോൾ കലാഷ്നിക്കോവസ് തോക്കുകളും ഏന്തി നിൽക്കുന്ന സൈനികർക്കു പിന്നിൽ, Z, V അക്ഷരങ്ങൾക്കു ഇടയ്ക്കുള്ള - വ്ളാഡ്മിർ പുടിന്റെ യുക്രൈനിലെ പ്രത്യേക സൈനിക നടപടിയുടെ അടയാളമായി യേശുവിന്റെ ചിത്രം പ്രദർശിപ്പിച്ചു — അവർ എഴുതുന്നു, 'യേശുവിന്റെ ചിത്രത്തിന് ചുറ്റുമുള്ള പ്രഭാവലയം O എന്ന അക്ഷരത്തെ പ്രതീകവൽക്കരിക്കുന്നു. അത് പ്രത്യേക പ്രചാരണ പോസ്റ്ററുകളിൽ ഉപയോഗിക്കുന്നു: 'ZOV' മൂന്നു അക്ഷരങ്ങളുടെ ചുരുക്കെഴുത്താണ്. ഇതിന്റെ അർത്ഥം 'വിളിക്കുക' എന്നാണ്, അതായത്, യുദ്ധത്തിൽ ചേരാൻ യേശു നിങ്ങളെ വിളിക്കുന്നു. 'അതിശക്തിമാനായ!' 'ദൈവം നമ്മോടൊപ്പമുണ്ട്!' റഷ്യയുടെ പ്രചാരണ വക്താക്കളും സൈനിക പുരോഹിതരും ഇപ്രകാരം അട്ടഹസിക്കുന്നു.'

യുക്രൈനിലെ പുടിന്റെ യുദ്ധത്തെ ന്യായീകരിക്കാൻ റഷ്യൻ ഓർത്തഡോക്സ് ക്രൈസ്തവ വിശ്വാസത്തെ ഉപയോഗിക്കുന്നു. യുദ്ധത്തിൽ ആളെ ചേർക്കുന്ന സൈനികനായും അതിനെ ഉപയോഗിക്കുന്നതിന്റെ ഏറ്റവും പുതിയ ശ്രമമാണ്. റഷ്യയെ പാശ്ചാത്യ ലോകത്തിലെ തകർന്നടിയുന്ന മൂല്യങ്ങളിൽ നിന്ന്, പ്രത്യേകിച്ച് സ്വവർഗ്ഗ പ്രേമത്തിൽ നിന്ന്, രക്ഷിക്കാൻ താൻ ശ്രമിക്കുകയാണെന്നും പുടിൻ നേരത്തെ പറഞ്ഞിരുന്നു. അതിനെ അദ്ദേഹം വിവരിച്ചിരിക്കുന്നത്, 'നമ്മുടെ പരമ്പരാഗത മൂല്യങ്ങൾ നശിപ്പിക്കാനും അവരുടെ വ്യാജ മൂല്യങ്ങൾ നമ്മുടെ മേൽ അടിച്ചേൽപ്പിക്കാനുമുള്ള ശ്രമമായിട്ടാണ്. അത് അധോഗതിയിലേക്കും നാശത്തിലേക്കും നയിക്കും. മാത്രമല്ല, അത് മാനുഷിക സ്വഭാവത്തിന് വിരുദ്ധമാണ്.'

വിരോധാഭാസമെന്നു പറയട്ടെ, സഭയ്ക്കെതിരെ പോരാടിക്കൊണ്ടിരുന്ന 70 വർഷത്തെ കമ്മ്യൂണിസ്റ്റ് നിരീശ്വരവാദത്തിനുശേഷം, പാശ്ചാത്യ ലോകം അധാർമികമായ ഐഹിക ഭോഗാസക്തിയിലേക്കും സർവ്വ ദൈവ വിശ്വാസത്തിലേക്കും വ്യക്തിവാദത്തിലേക്കും കൂപ്പു കുത്തിയപ്പോൾ, പുടിൻ റഷ്യയെ ക്രൈസ്തവ സംസ്കാരത്തിന്റെ വിളക്കേന്തിയ രാജ്യമായി ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്നു. ഇക്കാര്യത്തിൽ റഷ്യൻ ഓർത്തഡോക്സ് പാത്രിയാർക്കീസ് കിറിൽ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുന്നു. കിറിൽ സ്വവർഗ്ഗാനുരാഗ വിരുദ്ധ നിലപാടാണ് സ്വീകരിച്ചിരിക്കു

ന്നത്. അദ്ദേഹം യുക്രൈൻ യുദ്ധത്തെ പിന്തുണയ്ക്കുന്നു. അത് ദൈവത്തിനു വേണ്ടിയും 'മാതാവായ റഷ്യയ്ക്കു വേണ്ടിയുമുള്ള പോരാട്ടമാണെന്ന് അദ്ദേഹം പറയുന്നു. 2022 സെപ്റ്റംബർ 25-ൽ നടന്ന പ്രസംഗത്തിൽ യുദ്ധത്തിൽ കൊല്ലപ്പെടുന്ന സൈനികരെ പ്പറ്റി അദ്ദേഹം പറഞ്ഞത്, സൈനിക ദൗത്യം നിറവേറ്റുന്ന വേളയിൽ അവർ ഒരു യാഗമായി മാറി. ഇത് എല്ലാ പാപങ്ങളെയും ശുദ്ധീകരിക്കുന്നു.'

ഈ പ്രതികരണം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ ഇതെനിക്ക് അവസരം നൽകി. അത് റഷ്യക്കാരിലേക്കും യുക്രൈൻകാരിലേക്കും എത്തും. 'യുക്രൈൻ യുദ്ധത്തിൽ ഒരു വ്യാജ യേശുവിനെ ചേർക്കാൻ ശ്രമിക്കുന്നത് ആത്യന്തികമായി ദൈവത്തിനും യഥാർത്ഥ ക്രൈസ്തവർക്കും അപമാനമാണ്. പുടിനും, പാത്രിയാർക്കീസ് കിറിലും അവരുടെ സഖ്യകക്ഷികളും ബൈബിൾ വായിക്കണം (മത്താ. 24, 2 തെസ്സ. 2, വെളി. 13, 17). ഈ അന്ത്യകാലത്ത് ഇതുപോലുള്ള യുദ്ധങ്ങൾ വർദ്ധിക്കുമെന്നും എതിർ ക്രിസ്തുവിന്റെ സ്വേച്ഛാധിപത്യവും, റഷ്യയിലും റഷ്യൻ ഓർത്തഡോക്സ് സഭയിലും നിലനിൽക്കുന്ന ഇതുപോലുള്ള വ്യാജ മത സംവിധാനം ഉണ്ടാകുമെന്നും യഥാർത്ഥത്തിൽ യേശു പ്രവചിച്ചിട്ടുണ്ട്. ഇത് ഇംഗ്ലീഷ്, റഷ്യൻ അല്ലെങ്കിൽ യുക്രൈനിയൻ ഭാഷകളിൽ 'അന്ത്യകാല വെളിച്ചം' വെബ്സൈറ്റിൽ വായിക്കുക. യേശു ക്രിസ്തുവിന്റെ വരവിന്റെ പത്ത് അടയാളങ്ങൾ അതിൽ വിശദീകരിച്ചിട്ടുണ്ട്.

### അന്ത്യകാലത്ത് വ്യാജ പ്രവാചകന്മാർ

അന്ത്യകാലത്ത് വ്യാജ ക്രിസ്തുക്കളും വ്യാജ പ്രവാചകന്മാരും ഉണ്ടാകുമെന്നും ക്രൈസ്തവരെ പീഡിപ്പിക്കുമെന്നും യേശു മുന്നറിയിപ്പുനൽകി. അത് മൃഗത്തിന്റെയും കള്ള പ്രവാചകന്റെയും സർപ്പത്തിന്റെയും (പിശാച്) വരവിലേക്ക് നയിക്കും. ഈ സാത്താന്യ ത്രിത്വം അവസാനത്തെ എഴുവർഷ കാലയളവിൽ, യേശുവിന്റെ മടങ്ങിവരവിനു മുൻപ് ലോകം ഭരിക്കും (വെളി. 13).

***'കള്ള പ്രവാചകന്മാരെ സൂക്ഷിച്ചു കൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമേയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു*** (മത്താ. 7:15).

***'അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചു കൊടുക്കയും അന്യോന്യം പകയ്ക്കയും ചെയ്യും. കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും'*** (മത്താ. 24:9-11).

ഈ സാഹചര്യത്തിൽ എങ്ങനെ ജീവിക്കണമെന്ന് യേശു ഗിരിപ്രഭാഷണത്തിൽ നിർദ്ദേശം തരുന്നു. ഈ വിഷയത്തിൽ, മത്താ. 7:7-27 വരെ ആസ്പദമാക്കി ഞാൻ നൽകിയ ഒരു സന്ദേശം ഇങ്ങനെ അവസാനിക്കുന്നു: 'നിങ്ങളെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കാനും ജീവനിലേക്ക് നയിക്കുന്ന പാതയിൽ അത്രെ കഠിനമായിരുന്നാലും, ജീവന്റെ പുതുക്കത്തിൽ നടക്കാൻ പ്രാപ്തരാക്കാനും ദൈവത്തോട് പ്രാർത്ഥിക്കുക. സുവിശേഷത്തിന്റെ സത്യം നിരാകരിക്കുന്ന കള്ള പ്രവാചകന്മാരെ തിരസ്കരിക്കുക. പരിശുദ്ധാത്മാവിന്റെ നല്ല ഫലം കായ്ക്കാൻ യേശുക്രിസ്തുവിൽ ഉള്ള വിശ്വാസത്തിന്റെ നല്ല ഉപദേശം ഭക്ഷിക്കുക. വിശ്വാസത്തിന്റെ പാറയിൽ നിങ്ങളുടെ വീടുപണിയുക. ഭൂമിയിലെ ജീവിതത്തിന്റെ എല്ലാ കൊടുങ്കാറ്റും സമ്മർദ്ദവും അത് അതിജീവിക്കും. മനുഷ്യർ നിങ്ങൾക്ക് ചെയ്യാൻ ആഗ്രഹിക്കുന്നത് നിങ്ങൾ അവർക്കു ചെയ്യുക.. കാരണം ഇത് പ്രവാചകന്മാരുടെ പ്രമാണമാണ്.' *

# ഇതുപോലെ എത്രത്തോളം മുന്നോട്ടുപോകുവാൻ നമുക്കു കഴിയും?



**ഈ** ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്താണെന്ന് നോക്കുക. അപകടകരമായ സാഹചര്യം മാനവരാശിയുടെ ഭാവിക്ക് വെല്ലുവിളി ഉയർത്തുന്നു — യുദ്ധങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ, രോഗങ്ങൾ, ഭക്ഷ്യ ദൗർലഭ്യം, വർദ്ധിച്ചു വരുന്ന അക്രമം, മനുഷ്യസ്വഭാവത്തിലെ അസാന്മാർഗ്ഗികത, ദേശീയ, വ്യക്തിഗത കടം, നാണയ വ്യവസ്ഥയുടെ തകർച്ചയുടെ ഭീഷണി ഉയർത്തുന്നു, ദാരിദ്ര്യവും സാമൂഹിക ശിഥിലീകരണവും വർദ്ധിക്കുന്നു. രാഷ്ട്രീയ മത നേതാക്കന്മാരുടെ പക്കൽ പരിഹാരമില്ല — യഥാർത്ഥത്തിൽ അവർ ചെയ്യുന്നതൊക്കെ കാര്യങ്ങൾ വഷളാക്കുന്നു. എന്നാൽ ദൈവത്തിന്റെ പക്കൽ ഉത്തരമുണ്ട്. ഈ സംഭവിക്കുന്ന കാര്യങ്ങൾ അന്ത്യകാല പ്രതിസന്ധിയുടെ അടയാളങ്ങളായി, ലോകത്തെ ന്യായം വിധിച്ച് അതിനെ നാശത്തിൽനിന്നു രക്ഷിക്കാൻ യേശുക്രിസ്തു മടങ്ങിവരുന്നതിനുമുൻപ് ഭൂമിയിൽ സംഭവിക്കുമെന്ന് നൂറ്റാണ്ടുകൾക്ക് മുൻപ് ബൈബിളിൽ എഴുതിയിട്ടുണ്ട്.

ബൈബിൾ പ്രകാരം, ഈ യുഗത്തിന്റെ 'അന്ത്യനാളുകളെ' സംബന്ധിച്ച പ്രവചനങ്ങൾ നിറവേറപ്പെടുന്ന ഒരു കാലയളവ് ഉണ്ടായിരിക്കും.

1. ഭൂമിയിൽ യുദ്ധങ്ങൾ, ക്ഷാമങ്ങൾ, മഹാമാരികൾ, ഭൂകമ്പങ്ങൾ വർദ്ധിക്കും. വലിയ കഷ്ടത്തിന്റെ കാലത്തിലേക്ക് അത് നയിക്കും. മത്താ. 24:6-7, ലൂക്കൊ. 21:10-11.

2.. യിസ്രായേൽ ഒരു രാഷ്ട്രമായി പുനഃസ്ഥാപിക്കപ്പെടും. ചുറ്റുമുള്ള രാജ്യങ്ങളിൽ നിന്ന് അവർ എതിർപ്പ് നേരിടും. യെരുശലേമിന്റെ പേരിൽ ഉണ്ടാകുന്ന യുദ്ധം ഈ യുഗത്തിലെ അവസാനത്തേതായിരിക്കും. സങ്കീ. 83, യെഹെ. 36:9, സെഖ. 12-14, ലൂക്കൊ. 21:20-24, വെളി. 16:16.

3. 'നോഹയുടെ കാലം പോലെ' ഭൂമിയിൽ അതിക്രമം നിറഞ്ഞിരിക്കും. സംഭവിക്കാൻ പോകുന്നതോർത്ത് നിരവധിയാളുകൾ ഭയത്തോടിരിക്കും. ലൂക്കൊ. 17:26-27, ലൂക്കൊ. 21:25-26, ഉല്പ. 6:11.

4. ബൈബിൾ പഠിപ്പിക്കുന്ന ധാർമികതയ്ക്കും കുടുംബ ജീവിതത്തിനും നേരെ ആക്രമണം ഉണ്ടാകും. ലൂക്കൊ. 17:26-30, മത്താ. 24:12, 2 തിമൊ. 3.

5. ഭൂമിയിൽ മലിനീകരണം ഉണ്ടാകും. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രകൃതി ദുരന്തങ്ങളിലേക്ക് നയിക്കും. യെശ. 24, വെളി. 8:6-11.

6. ഒരു സ്വേച്ഛാധിപത്യം ഉയർന്നുവന്ന് പ്രതിപക്ഷത്തെ അടിച്ചമർത്തി, ബൈബിളിൽ എതിർക്രിസ്തു എന്ന് വിളിക്കുന്ന ഒരു പൈശാചിക ശക്തിയ്ക്ക് കീഴിൽ കൊണ്ടുവരും. ദാനി. 7, വെളി. 13, 17.

7. അറിവിന്റെ കാര്യത്തിൽ വർദ്ധനയുണ്ടാകും. വലിയ ശക്തികൾ ഉയർന്നുവന്ന് മാനവരാശിയെ സാങ്കേതികവിദ്യ നിയന്ത്രിക്കുന്ന അവസ്ഥയുണ്ടാകും. ദാനി. 12:4, വെളി. 13.

8. കള്ളപ്രവാചകന്മാർ എഴുന്നേറ്റുവന്ന് ദൈവത്തെപ്പറ്റിയും രക്ഷയെപ്പറ്റിയും ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കി അവരെ നാശത്തിലേക്ക് തള്ളിവിടും. മത്താ. 24:5, 24:23-27, വെളി. 17:1-6.

9. ബൈബിളിന്റെ അടിസ്ഥാന സത്യങ്ങൾക്ക് നേരെ ആക്രമണം ഉണ്ടാകും. സുവിശേഷം പ്രസംഗിക്കുന്നവർക്ക് നേരെ എതിർപ്പ് ഉയരും. മത്തായി 24: 10-11, 2 തിമൊ. 4: 2-5, 2 പത്രൊ 2, 1 യോഹ. 2:18-23.

10. പീഡനം ഉണ്ടെങ്കിലും, സുവിശേഷത്തിന്റെ സന്ദേശം രാഷ്ട്രങ്ങളിൽ എത്തിച്ചേരും. മത്താ. 24:9-14, മത്താ. 28:18-20.

അന്ത്യകാലത്ത് ദുരന്തങ്ങളുടെ ഒരു പരമ്പര തന്നെയുണ്ടാകും. അതിന് മാനുഷികമായി പരിഹാരം കാണാൻ കഴിയില്ല. കൂടുതൽ വിവരങ്ങൾക്ക് ബൈബിളിൽ, മത്താ. 24, ലൂക്കൊ 21, വെളി. 6-19 എന്നീ വേദഭാഗങ്ങൾ വായിക്കുക. യേശുവിന്റെ മടങ്ങിവരവിലൂടെ ദൈവം ലോകത്തെ നാശത്തിൽ നിന്നു വിടുവിക്കും. താൻ ആദ്യമായി വന്നത്, നമ്മുടെ പാപങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിച്ച് മരിക്കാനാണ്. അപ്പോൾ അവിടുന്ന് എബ്രായ ബൈബിളിലെ യെശയ്യാവ് 53 പോലുള്ള നിരവധി പ്രവചനങ്ങൾ നിറവേറ്റി. രണ്ടാമതായി കർത്താവ് വരുമ്പോൾ ലോകത്തെ നീതിയിൽ ന്യായംവിധിക്കാനും പുനഃസ്ഥാപിക്കപ്പെട്ട യെരൂശലേമിൽ നിന്ന് മശിഹൈക രാജ്യം സ്ഥാപിക്കാനും തനിക്ക് ദൈവത്തിന്റെ ശക്തി ഉണ്ടായിരിക്കും.

എബ്രായ പ്രവചന പുസ്തകങ്ങളും വെളിപ്പാട് പുസ്തകവും അനുസരിച്ച്, അപ്പോൾ യേശു ആയിരമാണ്ട് നേരിട്ട് ലോകം ഭരിക്കും. നമ്മുടെ പാപങ്ങൾ മൂലം മനുഷ്യൻ അലങ്കോലമാക്കിയ ഈ ഗ്രഹം അവിടുന്നു ശുദ്ധീകരിക്കും. യെശ. 2:1-4, വെളിപ്പാട് 20 എന്നീ ഭാഗങ്ങൾ കാണുക. ആയിരം വർഷത്തിനു ശേഷം ദൈവം ഇപ്പോഴത്തെ ഭൂമിയെയും പ്രപഞ്ചത്തെയും ഇല്ലാതാക്കി, പുതിയത് സൃഷ്ടിക്കും.

*'കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും ...എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു'*

2 പത്രൊ, 3:10-13, വെളി. 21.

ഇതു സംഭവിക്കുന്നതിനുമുൻപ്, നിരവധിയാളുകൾ പരിഹാസികളും ആ ആശയത്തെ നിന്ദിക്കുന്നവരും ആയിത്തീരുമെന്ന് പത്രൊസ് അതേ ലേഖനത്തിൽ പറയുന്നു. അതുപോലെ ജീവിതം സാധാരണപോലെ പോകുമെന്നും ഒന്നും സംഭവിക്കില്ലെന്നും ഈ മനുഷ്യർ പറയുമെന്നും പത്രൊസ് പറയുന്നു.

*'അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെതന്നെ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്ത മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊൾവിൻ. ആകാശവും വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജല പ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നു കളയുന്നു.*

*എന്നാൽ പ്രിയമുള്ളവരേ, കർത്താവിന് ഒരു ദിവസം ആയിരം സംവ*

*ത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവുതന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു'*
2 പത്രൊ. 3:3-9.

ഇപ്പോഴത്തെ കാലയളവിൽ ഈ വാക്യങ്ങൾ നിറവേറിക്കൊണ്ടിരിക്കുകയാണ്. ആളുകൾ യേശുവിന്റെ രണ്ടാം വരവ് എന്ന ആശയത്തെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നു. എന്നാൽ അവിടുന്നു വരും. വലിയ കഷ്ടത്തിന്റെ കാലയളവ് പെട്ടെന്ന് വരും. ദൈവം അതിനെ ചുരുക്കിയില്ലെങ്കിൽ ഭൂമിയിൽ ജീവന്റെ അവസാനമായിരിക്കും അത് (മത്താ. 24:21-22). യേശുവിന്റെ രണ്ടാമത്തെ വരവിനാൽ അത് സംഭവിക്കുന്നത് ദൈവം തടയും. കർത്താവ് അത് താമസിപ്പിക്കുന്നതിന്റെ കാരണം, കഴിയുന്നത്രപേർ പാപത്തെ ഓർത്ത് അനുതപിച്ച്, സുവിശേഷത്തിൽ വിശ്വസിക്കണമെന്ന് താൻ ആഗ്രഹിക്കുന്നു. മാനവരാശിയുടെ പാപങ്ങൾമൂലം ലോകത്തിൽ വരാൻപോകുന്ന ദൈവീക ന്യായവിധിയിൽനിന്ന് അവർ രക്ഷപ്രാപിക്കും.

## അതിനുവേണ്ടി നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും?

രക്ഷയെ കണ്ടെത്താനും കർത്താവിനെ സന്ധിക്കാൻ തയ്യാറാവാനും ചെയ്യേണ്ട നാലു ചുവടുവയ്പ്പുകൾ ആണ് താഴെക്കൊടുത്തിരിക്കുന്നത്. അത് ഇപ്പോൾ ചെയ്യുക, ലോകത്തിൽ വരാനിരിക്കുന്ന എല്ലാറ്റിനും വേണ്ടി നിങ്ങൾ തയ്യാറാകുകയും സജ്ജരാവുകയും ചെയ്യും. നിങ്ങളുടെ മരണത്തിന്റെ നിമിഷത്തിനുവേണ്ടി അല്ലെങ്കിൽ തന്നിൽ വിശ്വസിക്കുന്നവരെ സമാധാനത്തിന്റെയും സുരക്ഷയുടെയും സ്ഥാനത്തേക്കു കൊണ്ടുപോകാൻ കർത്താവ് വരുന്ന നിമിഷത്തിനുവേണ്ടിയും നിങ്ങൾ തയ്യാറായിരിക്കും. (1 തെസ്സ. 4:13-5:11 വരെ വായിക്കുക).

1. ദൈവം നിങ്ങളെ സ്നേഹിക്കുന്നുവെന്നും നിങ്ങൾക്കുവേണ്ടി മനോഹരമായ ഒരു ഭാവി ഒരുക്കിയിട്ടുണ്ടെന്നും വിശ്വസിക്കുക. *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു* (യോഹ. 3:16).

2. നിങ്ങളുടെ പാപങ്ങൾ നിങ്ങളെ ദൈവത്തിൽ നിന്ന് വേർതിരിക്കുന്നു എന്ന് അറിയുക.

*നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയതു (യെശയ്യാവ് 59:2). ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു* (റോമർ 3:23).

3. നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കാൻ യേശു ക്രിസ്തു മരിച്ച്, മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റെന്ന് വിശ്വസിക്കുക.

*മശിഹാ / ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു.* (1 കൊരി. 15:3-4).

4. മാനസാന്തരപ്പെടുക സുവിശേഷത്തിൽ വിശ്വസിക്കുക. *"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ"* (മർക്കൊ. 1:15).

*

# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹായെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.

പിതാവേ എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ."


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507

ഫോൺ: 0479–2412459 / 2412359 / 2414459 / 9207976381

E-mail : hopemsn@hopemsn.org


ഈ പ്രസിദ്ധീകരണത്തിനു വരിസംഖ്യ നിശ്ചയിച്ചിട്ടില്ല. സ്വമേധാ ദാനങ്ങൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ വിതരണത്തിന് മാത്രം.